
# THE KUDUMBA DEEPAM.



Vol. V.) April 1934. (No. 4.

## വിഷയവിവരം.

1. ഉത്ഥാനഗാനം.................................................... 97.
2. നസ്സറത്തിലെ ഭവനം............................................ 98.
3. ഈശാവതരണം.................................................. 101.
4. വികാരിയച്ചന്റെ കൌശലം..................................... 112.
5. അണ്ട് ഹെലന്റെ കത്തുകൾ.................................... 117.
6. പൊതുനിയോഗം................................................ 127.
7. കുറിപ്പുകൾ.
8. പരസ്യങ്ങൾ.
9. പഞ്ചാംഗം.

The more suffering for Christ in this world,
The more glory with Christ in the next.

— PHILIP HOWARD.

# മാന്യവരിക്കാർ അറിവാൻ.

കുടുംബദീപത്തിന്റെ വരിപ്പണം പിരിക്കേണ്ടതിലേക്ക സ്ഥലത്തുനിന്ന നിയമിതനായ മി. പടിക്കപ്പറമ്പിൽ ഇത്താക്ക ജോസഫ് വഴി നാളതുവരെ മാന്യ വരിക്കാർ ഓരോരുത്തരും അടച്ചിരിക്കുന്ന എല്ലാ സംഖ്യകളും ഇവിടെ എല്പിക്കയും പേരിൽ വരവുചേൎക്കയും ചെയ്തുകഴിഞ്ഞിട്ടുണ്ട് എന്ന സംഗതി കൃതജ്ഞതാപൂൎവ്വം രേഖപ്പെടുത്തുന്നു.

ടി.യാൻ കുറുകുററി, കൊരട്ടി, അഡ്ഢൂർ, മാള, കുറുമശ്ശേരി, അങ്കമാലി, ചൊവ്വര എന്നീ അഞ്ചൽ അതിൎത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേൎക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണ്. മാന്യ വരിക്കാർ അദ്ദേഹത്തിനു അനാവശ്യ താമസത്തിനിടയാക്കാതെ പണംകൊടുത്ത് മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

കൂടാതെ, കുടിശികക്കാരായിട്ടുള്ളവൎക്ക അവരവർ അടക്കേണ്ടതായ സംഖ്യയ്ക്കു ഒരു അറിയിപ്പ് ഈ ലക്കത്തിൽ പ്രത്യേകം അടക്കം ചെയ്തിട്ടുണ്ട്. ഏവരും തുച്ഛമായ ഈ നിശ്ചിതസംഖ്യ അയച്ചുതന്നുകൊണ്ടു ഈ പ്രവൎത്തനത്തെ സഹായിക്കണമെന്നു ഈ അവസരത്തിൽ അഭ്യൎത്ഥിച്ചുകൊള്ളുന്നു. മാനേജർ, കുടുംബദീപം.

---


## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാംഫാനിസ് ദന്തവൈദ്യൻ.



## എറണാകുളം.

പല്ലുസംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.


---

## താമസം ക്ഷമിക്കണം.

റീത്താസന്ദേശത്തിന്റെ പ്രസിദ്ധീകരണം സംബന്ധിച്ച് അപ്രതിക്ഷിതമായി വന്നുകൂടിയ പ്രതിബന്ധങ്ങൾ മിക്കവാറും അവസാനിച്ചെങ്കിലും, ആരംഭിച്ച ഉടനെതന്നെ രണ്ടും മൂന്നും ലക്കങ്ങൾ ഒരുമിച്ചു പ്രസിദ്ധപ്പെടുത്തുന്നത് അത്ര ഭംഗിയല്ലെന്നും, വിശുദ്ധ റീത്തായുടെ തിരുനാൾ ഘോഷിക്കപ്പെടുന്ന മേയിമാസം മുതൽ മേലിൽ മാസിക പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും ഗുണകാംക്ഷികളെല്ലാവരും അഭിപ്രായപ്പെട്ടിരിക്കുന്നു. അതിനാൽ "റീത്താസന്ദേശം" പ്രതിമാസം 22-ാം തിയ്യതി പ്രസിദ്ധപ്പെടുത്തുന്നതും, രണ്ടാം ലക്കം മേയി 22-ൽ പുറപ്പെടുന്നതുമാണ് എന്നുള്ള വിവരം അറിയിക്കുകയും യാദൃച്ഛികമായി വന്നുചേൎന്ന ഈ താമസം മാന്യവരിക്കാർ സദയം ക്ഷമിക്കണമെന്നു അപേക്ഷിക്കയും ചെയ്യുന്നു.

Managing Editor, The "Rita Sandesam",

Thevara, Ernakulam.



LIVE, JESUS, IN MY HEART, NOW AND FOR ALL ETERNITY.

# കുടുംബദീപം.

പുസ്തകം ൭. } ഏപ്രിൽ ൧൯൩൪. { ലക്കം ൪.

## ഉത്ഥാനഗാനം.

ശ്രീമാൻ ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി.

രാഗം—നാട്ടക്കുറഞ്ഞി. താളം അദി.

"വാ—വാ—വാ—വടിവേലനെ" എ: മ:

പല്ലവി.

സം—തോ—ഷം—കൊണ്ടിടാമിനി;
ജനമതി.................................................(സം)

(മകുടങ്ങൾ)

1. ഏശു വ്യയത്തിതു—ഭാസുരമോടയി...... ...........(സം)
2. ജഗത്തില്വൽക്കുട—മനത്ഥമേററിഹ—
മരിച്ച സദ്ഗുരു—വ്യയത്തു; നിസ്തുല.............(സം)

അനുപല്ലവി.

കോടി ഭാസ്കര—ജ്യോതിസ്സാൽ ഗുണ—
വൻപേ-ലുമൻപേ! ജയം തേ—
പുലരണമന്നദിനമയി! ........................(സം)

ചരണം.

ദിവ്യഗുരു മൃത—രിങ്കൽനിന്നു ജയ—
ശ്രീലശുഭകോടി—യൊടുയരവേ,
സ്വർഗ്ഗീയപ്രഭാ—മോടിയാൽ ധര—
യെങ്ങും—വിളങ്ങു—ന്നിങ്ങു—
ന്നിതു നരസുഭഗതയിഹ.................................(സം)

# നസ്സറത്തിലെ ഭവനം.

(ദിവ്യശ്രീ ഫാദർ സെബാസ്ത്യൻ തേർമഠം)

കുടുംബം മനുഷ്യസമുദായത്തിൻെറ അസ്ഥിവാരമാകുന്നു. ലോകത്തിൻെറ അഭിവൃദ്ധിയും അധോഗതിയും കുടുംബങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നതു്. അതിൻെറ ഉദയം ഇന്നൊ ഇന്നലെയൊ ഉണ്ടായിട്ടുള്ളതല്ല. മനുഷ്യസമുദായത്തോളംതന്നെ അതിനു പഴക്കമുണ്ടു്. അതു ഇന്നും നിലനിൽക്കുന്നു; യുഗങ്ങളുടെ അവസാനംവരെ നിൽക്കയും ചെയ്യും. രാഷ്ട്രങ്ങളും സമുദായങ്ങളും മററും അധഃപതിച്ചു് നാമാവശേഷമായെന്നു വന്നേക്കാം. പക്ഷെ കുടുംബങ്ങൾ നശിക്കുന്നില്ലെന്നു മാത്രമല്ല അനുദിനമെന്നോണം പെരുകിക്കൊണ്ടാണിരിക്കുന്നതു്. ഏതൊരു സമുദായത്തിലെ കുടുംബങ്ങൾ സമാധാനത്തോടും സംതൃപ്തിയോടും കഴിഞ്ഞുകൂടുന്നുവോ ആ സമുദായം അഭിവൃദ്ധിയുടെ സുവർണ്ണസരണിയിലാണെന്നു് അനുമാനിക്കാവുന്നതാണ്. കത്തോലിക്കാ സഭയുടെ ശത്രുക്കൾക്കു് ഈ തത്വം നല്ലപോലെ അറിയാം. സഭയെ തള്ളുടക്കുവാൻ കോപ്പുകൂട്ടിപ്പുറപ്പെടുന്ന അവർ ക്രിസ്തീയ ഭവനങ്ങളിന്മേലാണ് ആദ്യമായി കോടാലി വെക്കുന്നതു്. അവരുടെ വിദ്വേഷം മുഴുവനും അവയിന്മേൽ ചെലുത്തുന്നു. വിവാഹമാകുന്ന കാഞ്ചനശൃംഖലയെ തകർക്കുവാൻ അവർ കഴിയുന്നതും ശ്രമിക്കുന്നു. അതു പൊട്ടിക്കഴിഞ്ഞാൽ ഭവനം താറുമാറാകുമെന്നു അവർ വേണ്ടവിധം മനസ്സിലാക്കീട്ടുണ്ടു്. അതിനായി അവർ കണ്ടുപിടിച്ചിരിക്കുന്ന നൂതനമാർഗ്ഗം വിവാഹമോചനമാണ്. സ്വാതന്ത്ര്യമെന്ന പഞ്ചസാരകൊണ്ടു് പൊതിഞ്ഞു ഈ തിക്തൌഷധം അവർ സേവിപ്പിക്കുന്നു.

കത്തോലിക്കാ വിദ്യാലയങ്ങളിലേക്കു സ്വന്തസന്താനങ്ങളെ അയയ്ക്കുവാൻ മാതാപിതാക്കളെ വിരോധിക്കുക. ഇതാണ് അവരുടെ രണ്ടാമത്തെ സൂത്രം. തന്മൂലം കുട്ടികൾക്കു മതപരമായ ജ്ഞാനമോ സാന്മാർഗ്ഗിക ബോധത്തിനുയച്ചയോ സിദ്ധിക്കാതെ വെറും മൃഗങ്ങളായി വളർന്നുവരുന്നു. ഇന്നത്തെ ബാലന്മാർ

നാളത്തെ കുടുംബത്തലവന്മാരാണ്. കേവലം ഭൌതികമായ വിദ്യാഭ്യാസത്താൽ വികസിച്ച ബുദ്ധിയെ സൽപഥത്തിൽ കൂടി നിയന്ത്രിക്കുവാനുള്ള സാന്മാൎഗ്ഗിക ജ്ഞാനമില്ലായ്കയാൽ അതിനെ അകാലത്തും അസ്ഥാനത്തും ഉപയോഗിക്കുന്നു. തന്മൂലം സംഭവിച്ചുകൊണ്ടിരിക്കുന്ന അനൎത്ഥങ്ങളെ ലോകചരിത്രം ധാരാളം വിളിച്ചുപറയുന്നുണ്ട്.

കുട്ടികൾക്കു സന്മാൎഗ്ഗബോധമില്ല - ദൈവമില്ല - മതമില്ല - അധികാരസ്ഥാനത്തോടു ബഹുമാനമില്ല - സൎവ്വത്ര സ്വതന്ത്രരാണ്. തന്മൂലം ഭീകരമായ കൊലപാതകങ്ങളും ദയനീയമായ ആത്മഹത്യകളും മററും പരിഷ്കാരം വൎദ്ധിച്ച ഈ ആധുനികകാലത്തു എത്ര സുലഭങ്ങളായി തീൎന്നിരിക്കുന്നു. വ്യക്തിപരമായ ഈ ദുൎവ്യാപാ സമുദായത്തെ ആകമാനം മലിനമാക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ സ്വാതന്ത്ര്യേച്ഛുക്കളായ ഈ ബാലന്മാർ ഓരോരുത്തരും ഓരോ കുടുംബത്തിൻെറ നാഥന്മാരായിത്തീരുന്നു. അതാ ഭവനത്തിൽ അന്തഃഛിദ്രം! ഭൎത്താവു ഭാൎയ്യയെ സ്നേഹിക്കുന്നില്ല; ഭാൎയ്യ ഭൎത്താവിനെ മാനിക്കുന്നില്ല; പിതാവു പുത്രനെ സ്നേഹിക്കുന്നില്ല; പുത്രൻ പിതാവിനെ അനുസരിക്കുന്നില്ല. ഈ ഛിദ്രം അവിടെമാത്രം അവസാനിക്കുന്നില്ല. അതു സ്വഭവനത്തിൻെറ നാലു ചുവരുകളും ഭേദിച്ചു പുറത്തു കടക്കുന്നു. തന്മൂലം ഇതര കുടുംബങ്ങൾ തമ്മിൽ മത്സരിക്കുന്നു - സമുദായങ്ങൾ തമ്മിൽ കലഹിക്കുന്നു - രാജ്യങ്ങൾ തമ്മിൽ മല്ലടിക്കുന്നു. അതെ, ജനസമുദായത്തിൻെറ നട്ടെല്ലാകുന്ന സാന്മാൎഗ്ഗിക വിദ്യാഭ്യാസം ബാലികാബാലന്മാൎക്കു നിഷേധിക്കുമ്പോഴുണ്ടാകുന്ന നാശഫലങ്ങളാണ് ഇവയെല്ലാം. ഇതിൽനിന്നു വ്യത്യസ്തമായ ഒരനുഭവമുണ്ടാകണമെങ്കിൽ ഒരത്ഭുതംതന്നെ സംഭവിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്താൽ ബന്ധിക്കപ്പെട്ട വിവാഹശൃംഖലയെ പൊട്ടിച്ച് അതിൻെറ പവിത്രതയെ മലിനമാക്കുകയും, നിഷ്കളങ്കരായ ബാലികാബാലന്മാരെ ക്രിസ്തുവിൻെറ ആദൎശത്തിൽനിന്നു വ്യതിചലിപ്പിക്കയും ചെയ്യുന്നതു മനുഷ്യസമുദായത്തിൻെറ അസ്ഥിവാരത്തെ ഇളക്കി മറിക്കുന്നതുപോലെയാകുന്നു.

എന്നാൽ ആദർശപരമായ ഒരു കുടുംബമുണ്ട്. ഇരുപതു നൂററാണ്ടുകളോളമായിട്ടും ലോകം അതിൻെറ മാഹാത്മ്യം വേണ്ടവിധം ഗ്രഹിച്ചുകഴിഞ്ഞിട്ടില്ല. അതെ - നസ്സറത്താകുന്ന കുഗ്രാമത്തിലെ ആ വിനീത ഭവനം - തിരുക്കുടുംബം - ഇന്നും ലോകത്തിനു ചിന്താവിഷയമാണ്. അവിടെ കളിയാടിയിരുന്ന ശാന്തത, എത്ര ഹൃദയാനന്ദം! അതിലെ അംഗങ്ങളുടെ യോജിപ്പു എത്ര അഭിനന്ദനീയം! കുടുംബം ദരിദ്രമാണ്. നിത്യവൃത്തിക്കു എല്ലുമുറിയെ പണി എടുക്കണം. എങ്കിലും സവ്വരും സംതൃപ്തരാണ്. വി. യൌസേപ്പ് - ഗൃഹനായകൻ - നെററിയിലെ വിയപ്പുകൊണ്ടു കുടുംബത്തെ രക്ഷിക്കുന്നു. പ. മറിയം - ഗൃഹനായിക - ഭത്താവിനെ യഥോപയുക്തം സഹായിക്കുന്നു. ക്ഷീണിച്ചുവരുന്ന ഭത്താവിനെ അവരം മന്ദസ്മിതത്താൽ സൽക്കരിക്കുന്നു. അവരം ഭത്താവിൻെറ സന്തോഷത്തിൽ ബദ്ധശ്രദ്ധയാണ്. അവരം അദ്ദേഹത്തെ അനുസരിക്കുന്നു; ബഹുമാനിക്കുന്നു; സ്നേഹിക്കുന്നു. ഭത്താവും ഭാര്യയെ നിഷ്കളങ്കം സ്നേഹിക്കുന്നു. അപ്പപ്പോഴുണ്ടാകുന്ന ക്ലേശങ്ങളെല്ലാം ഇരുവരും സന്തോഷത്തോടെ ഭുജിക്കുന്നു. മകൻ ഇരുവരുടേയും ആനന്ദവിഷയമാണ്. അവൻ മാതാപിതാക്കളെ അനുസരിക്കുന്നു. അവരുടെ പ്രവത്തികളിൽ സഹായിക്കുന്നു. സ്രഷ്ടാവാണെങ്കിലും സൃഷ്ടികളെ ബഹുമാനിക്കുന്നു. ഹാ! പ്രാത്ഥനക്കും പ്രയത്നത്തിനും മാത്രമായി പ്രതിഷ്ഠിച്ചിരിക്കുന്ന ഈ ഭവനത്തെ ആർ മതിമറന്നു മാനിക്കുകയില്ല? ദൈവപ്രമാണങ്ങളെ തെല്ലും വ്യതിചലിക്കാതെ ആദ്ധ്യാത്മികസുമണം പരത്തുന്ന ഈ ഭവനത്തെ ആർ അനുകരിക്കുകയില്ല? യഥാത്ഥമായ സന്തോഷവും സംതൃപ്തിയും വിളയാടുന്ന ഈ കുടുംബത്തെ ആർ അഭിലഷിക്കുകയില്ല? വിശ്വാസം, നിഷ്കളങ്കത, ഭക്തി ഇതാണ് നസ്രത്തിലെ ഭവനത്തിനു മാററു കൂട്ടുന്നതു്. ഈ മൂന്നു ഗുണങ്ങളുടെയും അഭാവംകൊണ്ടാണ് ഇന്നത്തെ ക്രിസ്തീയഭവനങ്ങൾ സമാധാനത്തിൻേറയും അന്തഛിദ്രത്തിൻേറയും കേളീരംഗമായിത്തീരുന്നതു്. മദ്യപാനിയായ പിതാവും, കോപിഷ്ഠയായ ഭാര്യയും, അനുസരണമില്ലാത്ത മക്കളും ഒന്നിച്ചുചേ

15662



രുമ്പോൾ ആ ഭവനം ക്രിസ്തീയസമുദായത്തിന്റെ ഒരു ശാപമായിത്തീരുന്നു. അത്തരം കുടുംബങ്ങൾ നസ്രത്തിലെ വിനീത ഭവനത്തെ അനുകരിക്കട്ടെ.

## ഈശാവതരണം.

ശ്രീമാൻ എം. ഒ. ജോസഫ്, നെടുംകുന്നം.

രംഗം ൧.

ബത്‌ലഹമിൽ.

നസ്രസ്സ് ഗ്രാമം താഴ്‌വാരത്തിന്റെ മദ്ധ്യഭാഗത്ത് ഒരുവശത്താണു സ്ഥിതിചെയ്യുന്നത്. ആ താഴ്‌വാരത്തിന്റെ പൃഷ്ഠഭാഗത്തു കടകമായുള്ള ഒരു കുന്നിൻപുറത്താണു ബത്‌ലഹം. ഒന്നിൽനിന്നു മറ്റൊന്നിലേക്ക് ഉദ്ദേശം എൺപതുമൈൽ ദൂരം - നാലഞ്ചുദിവസത്തെ യാത്ര - ഉണ്ട്.

മഴക്കാലത്തെ ശീതമയമായ ഒരു സായംകാലം. യൌസേപ്പും മറിയവും ബത്‌ലഹമിലേക്കുള്ള റോഡിൽക്കൂടി ത്വരിതഗമനം ചെയ്യുന്നു. നഗരത്തിലെ നീരന്ധ്രവും ശ്വേതമയവുമായ സൌധങ്ങളുടെ ഉപരിഭാഗത്തു കാർമേഘപടലങ്ങൾ അപ്പോഴും ഇടതിങ്ങിക്കൂടിയിരുന്നു. ഭയങ്കര ചണ്ഡവാതപ്രപാതങ്ങളാൽ മേഘക്കൂട്ടങ്ങൾ സംഘട്ടനം ചെയ്യുകയും വിഘട്ടനം ചെയ്യുകയും ചെയ്യുമ്പോൾ വ്യോമമണ്ഡലത്തിൽ വക്രാകാരങ്ങളായ ശ്യാമളാംബരം പ്രത്യക്ഷമാകുന്നു. രാത്രി ഏകദേശം സമീപിച്ചു. പകൽ മുഴുവനും മേഘജാലങ്ങളാൽ സമാവൃതമായിരുന്ന സൂര്യമണ്ഡലം ഈ പ്രദോഷസമയത്തു ഒരു "ചുട്ടുപഴുപ്പിച്ച കനകക്കട്ട" കണക്കെ പടിഞ്ഞാറൻ ചക്രവാളത്തിൽ അപ്രത്യക്ഷനാകാൻ പ്രയാസപ്പെടുന്നു.

പകലത്തെ സീമാതീതമായ മഴനിമിത്തം ബത്‌ലഹമിലെ റോഡുകൾ ഇപ്പോഴും നനഞ്ഞുകുഴഞ്ഞുകിടക്കുന്നു. റോഡിലെ

ആ നനഞ്ഞുകുഴഞ്ഞ മണ്ണു്, കഴുതയുടെ കയറും പിടിച്ചുകൊണ്ടു മന്ദംമന്ദം നടക്കുന്ന യൗസേപ്പിൻെറ പാദങ്ങളിൽ ഒരു ചെരിപ്പു പോലെ പററിപ്പിടിച്ചു. മാത്രമല്ല അദ്ദേഹത്തിൻെറ ദക്ഷിണ പാണിയിലുണ്ടായിരുന്ന ദണ്ഡു്, അദ്ദേഹം നിലത്തുരുണ്ടുവീഴാതിരിക്കുന്നതിനു ഇപ്പോൾ അത്യധികം സഹായപ്രദമായി ഭവിച്ചു. കഴുതയുടെ കുളമ്പുകൾ ചെളിയിൽ തറഞ്ഞുപോകുന്നു. ചുരുക്കത്തിൽ വളരെ പ്രയാസങ്ങൾ സഹിച്ചതിനുശേഷം മാത്രമേ, സത്രത്തിൻെറ ഗോപുരദ്വാരത്തിങ്കൽ അവക്കു് എത്തിച്ചേരുന്നതിനു സാധിച്ചുള്ളൂ.

കഴുതപ്പുറത്തിരിക്കുന്ന മറിയം ഒരു ധവളവസ്ത്രത്താൽ ദേഹമെല്ലാം മൂടിപ്പുതച്ചിരിക്കുന്നു. അന്ധകാരം സർവ്വത്ര വ്യാപിച്ചുതുടങ്ങിയിരിക്കുന്ന ആ അസ്പഷ്ടമായ സായംകാലത്തു് ഈ ശ്വേതാവരണത്തിനുള്ളിൽ അവൾ ഒരു "ദശ്ന"ത്തെപ്പോലെയൊ, ഏകാന്തതയാൽ ഭയപ്പെട്ടുന്നവളെപ്പോലെയൊ കാണപ്പെടുന്നു.

പഴയ കല്ലുകൾ, നനഞ്ഞ കുമ്മായം, ചളിനിറഞ്ഞുകുഴഞ്ഞ മണ്ണു്, ചീഞ്ഞ പുല്ലു്, കന്നുകാലികൾ, അവയുടെ തീററ, മത്സ്യം, ഉള്ളി, അഗ്നി, മുതലായവയുടെ ദുസ്സഹമായ ദുർഗന്ധം ആ സത്രത്തിൻെറ പടിവാതിൽക്കൽ പരിലസിച്ചിരുന്നു. എന്നാൽ ഇവയോടു് ഇടകലൻ പുഷ്പങ്ങൾ, മുന്തിരിപ്പഴങ്ങൾ മുതലായവയുടെ സുഗന്ധവും ഉണ്ടായിരുന്നു.

സൂര്യപ്രകാശം തീരെ മങ്ങി. മനുഷ്യരും മൃഗങ്ങളും ആ കരിങ്കൽ സത്രത്തിൻെറ മുററത്തു് അങ്ങോട്ടും ഇങ്ങോട്ടും, മുൻപോട്ടും പിറകോട്ടും നടന്നുകൊണ്ടിരിക്കുന്നു. അപ്പോഴപ്പോൾ കേട്ടുകൊണ്ടിരുന്ന ചില സംഭാഷണ മന്ത്രോച്ചാരണങ്ങൾ, അവിടത്തെ ഏകാന്തതയെ ഭഞ്ജിച്ചിരുന്നു. ചിലപ്പോൾ ചിലർ കൂകിവിളിക്കുകയൊ കന്നുകാലികൾ അമറുകയൊ ചെയ്യുന്നുമുണ്ടു്. വാതിൽക്കൽ തളച്ചിട്ടുള്ള ഒരു ചിടയൻപട്ടി ആളുകൾ സത്രത്തിനുള്ളിലേയ്ക്കു കടക്കുമ്പോഴും പുറത്തേയ്ക്കിറങ്ങുമ്പോഴും യാത്രക്കാരെനോക്കി അനവസാനമായി കുരച്ചുകൊണ്ടിരുന്നു.

യൌസേപ്പ്: ഓയ്....ഓയ്....(അവ്യക്തങ്ങളായ ചില മനുഷ്യരൂപങ്ങൾ ദ്വാരപ്രദേശത്തു പ്രത്യക്ഷപ്പെടുന്നു.) മഠാധിപതി ഇവിടെ ഉണ്ടോ ?

ശബ്ദം: (വാതലിനകത്തുനിന്ന്) ബറാബാസ്, ഏയ്, ബറാബാസ്.

ബറാബാസ്: (അകത്തുനിന്ന്) ഏയ്. എന്തുവേണം ?

ശബ്ദം: വീണ്ടും ഇതാ യാത്രക്കാർ.

ബറാബാസ്: ഇനിയും സ്ഥലമില്ലെന്നു അവരോടു പറയുക.

ശബ്ദം: മഠാധിപതി പറയുന്നതു് സത്രത്തിൽ സ്ഥലം അശേഷമില്ലെന്നാണ്.

യൌസേപ്പ്: ഞങ്ങൾ രണ്ടുപേർ മാത്രമേയുള്ളു. അതും ഈ രാത്രികാലത്തേക്കുമാത്രം മതി.

ബറാബാസ്: (ഒരു മാംസളശരീരം വാതിൽക്കൽവന്നു) സത്രത്തിൽ ഇന്ന് ആളുകൾ നിറഞ്ഞിരിക്കുകയാണ്. നിങ്ങൾ മററു വല്ല വീടുകളിലും ചെന്നന്വേഷിക്കുക (മറിയത്തിൻെറയും യൌസേപ്പിൻെറയും അടുക്കലേക്കു വരുന്നു.) നിങ്ങൾ ആരാണ് ? എവിടെനിന്നു വരുന്നു ?

യൌസേപ്പ്: ഞാൻ യാക്കോബിൻെറ പുത്രനായ യൌസേപ്പാണ്. ഇവർ എൻെറ ഭാര്യ മറിയമാണ്. ഞങ്ങൾ നസ്രസ്സിൽനിന്നു വരുന്നു; ജനസംഖ്യയെടുക്കുന്നതിന്........

ബറാബാസ്: (അവരെ സൂക്ഷ്മനിരീക്ഷണം ചെയ്തശേഷം) ജനസംഖ്യയെടുക്കുന്നതിനു ഈ ലോകം മുഴവൻ ബത്ലഹമില്വണ്ടെന്നു തോന്നിപ്പോകുന്നു. ഇവിടെ ഒട്ടും സ്ഥലമില്ല. ഇല്ല; വിഷമമാണ്.

യൌസേപ്പ്: ഞങ്ങൾക്കു വേണ്ടതു രാത്രികാലം ഒന്നു കിടക്കാൻ മാത്രം സ്ഥലമാണ്.

ബറാബാസ്: ഇന്നു രാത്രിയിൽ ഈ സത്രത്തിൽ ഇനി ഒരു ശിശുവിനു കിടക്കുവാൻപോലും സ്ഥലം ഇല്ലെന്നു ഞാനല്ലെ പറഞ്ഞതു്.

ശിമയോൻ: (ബലിഷ്ഠകായനും, മദ്ധ്യവയസ്കനും, കാഴ്ചക്കാരിൽ

ഒരുവനുമായ ഒരാട്ടിടയൻ) അല്ല. രണ്ടുപേക്കുകൂടി സ്ഥലംകാണും. യൂദിയായിൽ ഒരു യാത്രക്കാരന് എപ്പോഴും സ്വാഗതമാണല്ലൊ.

ബറാബാസ്: എടോ, താൻ തന്റെ പാട്ടിനുപോക്കു. വേണ്ടാത്തിടത്തു തലയിടണ്ടാ. സ്ഥലമില്ലെന്നു ഞാനല്ലേ പറഞ്ഞതു്.

ശിമയോൻ: അങ്ങനെയല്ല; ഒരതിഥി ദൈവത്തിൽനിന്നുവരുന്നയാളാണ്. യാതൊരു ഇസ്രായേൽക്കാരന്റെയും വാതിൽക്കൽനിന്നും മറെറാരു ഇസ്രായേൽക്കാരൻ ഇതേവരെ ആട്ടിയോടിക്കപ്പെട്ടിട്ടില്ല.

ബറാബാസ്: കൊള്ളാം. മററു ഇസ്രായേൽക്കാരുടെ വാതിലുകൾ ബതലഹമിൽ വളരെയധികമുണ്ടല്ലൊ.

ശിമയോൻ: സത്രത്തിൽ ഇനിയും സ്ഥലമുണ്ട്. എനിക്കറിയാം. ആ ഇടത്തുവശത്തുള്ള ചാവടിയോ ?

ബറാബാസ്: അതോ ? അതു് എപ്പോഴേ കഴിഞ്ഞു. സെൻസസിനുവരുന്ന റോമൻ ഉദ്യോഗസ്ഥന്മാരുടെ താമസത്തിനായി അതു് ഒഴിഞ്ഞിട്ടിരിക്കുകയാണ്.

ശിമയോൻ: (ബറാബാസിന്റെ കഴുത്തിൽപിടിച്ചു്) എടാ കഴുതേ, ചുങ്കക്കാരാ, ഒരു റോമാക്കാരനു (പുറജാതിക്കു)വേണ്ടി നീ ഒരു യഹൂദനെ ആട്ടിയോടിക്കുന്നോ ? ചണ്ഡാളാ, കുലദ്രോഹീ, ദുഷ്ടാ.

ബറാബാസ്: അയ്യോ ഓടിവരണേ. ഇയാൾ എന്നെ കൊല്ലുമേ.

യൌസേപ്പ്: (ശിമയോനെ സമാധാനിപ്പിച്ചുകൊണ്ട്) സ്നേഹിതാ, അയാളെ വിടുക. ഞങ്ങൾ മററുവല്ലേടത്തും സ്ഥലം അന്വേഷിക്കാം.

ബറാബാസ്: എന്നെ വിട്ടു. ഞാൻ ഒരു സ്ഥലം പറഞ്ഞുതരാം.

ശിമയോൻ: (അവനെ വിട്ടുകൊണ്ട്) എടാ നീചാ, ഈ റോമാക്കാരുടെ പ്രീതിക്കുവേണ്ടി നീ മിശിഹായെത്തന്നെ ആട്ടിഓടിക്കുമെന്നല്ലാ തോന്നുന്നതു്. (തുപ്പുന്നു. ബറാബാസ്

ഓടി ഒളിക്കുന്നു.)

യൌസേപ്പ്: (ചിരിച്ചുകൊണ്ട്.) സഹോദരാ, നിങ്ങൾ പറയുന്നതു ശരിയായിരിക്കാം. നിങ്ങളുടെ മഹാമനസ്കതയ്ക്കു ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഈ രാത്രിയിൽ താമസത്തിന് എവിടെയെങ്കിലും ഒരു സ്ഥലം ഞങ്ങൾക്കു കിട്ടാതിരിക്കുകയില്ല; നിശ്ചയം.

ശിമയോൻ: നിങ്ങൾക്കു ബത്‌ലഹമിൽ യാതൊരു ബന്ധുക്കളുമില്ലയോ ?

സാവൂൾ: (ഒരു വൃദ്ധൻ) നിങ്ങൾ മാത്താമിന്റെ പുത്രനായ യാക്കോബിന്റെ പുത്രനാണെന്നല്ലേ പറഞ്ഞതു് ? അല്ലേ ?

യൌസേപ്പ്: അതേ.

സാവൂൾ: അങ്ങനെ പറയൂ. ഞാനും നിങ്ങളുടെ പിതാമഹനും അത്യന്ത മൈത്രിയിലാണു കഴിഞ്ഞുകൂടിയിരുന്നതു്. നിങ്ങൾ ഒരു ആശാരിപ്പണിക്കാരനല്ലേ ? ഓർശ്ലംകാരനായ യാക്കോബിന്റെ പുത്രിയും, സക്കറിയാസിന്റെ ഭാര്യയായ എലിസബത്തിന്റെ ചാർച്ചക്കാരിയുമായ ഒരു പെൺകുഞ്ഞല്ലേ നിങ്ങളുടെ ഭാര്യ ?

യൌസേപ്പ്: അതേ; എന്റെ ഭാര്യ മറിയമാണിവൾ.

സാവൂൾ: ശരി, സക്കറിയാസിന്റെ ഗൃഹത്തിൽവച്ചു ഞാൻ കണ്ടിട്ടുണ്ട്. സക്കറിയാസിന്റെ മകൻ യോഹന്നാന്റെ ജനനസമയത്തിൽ അവിടെ ഉണ്ടായിരുന്നെന്നു തോന്നുന്നു. നിങ്ങളെപ്പററിയുള്ള വിവരങ്ങളൊക്കെ എനിക്കറിയാം. നിങ്ങളുടെ രക്തബന്ധത്തിൽപെട്ടവർ ആരും ഈ ബത്‌ലഹമിൽ ഉണ്ടെന്നു തോന്നുന്നില്ല. ഞാനും ഇവിടെയല്ലല്ലോ താമസിക്കുന്നതു്.

ശിമയോൻ: നമുക്കു വേറെ സ്ഥലമന്വേഷിക്കാം. കയ്യേപ്പാസേ, നിങ്ങളുടെ വീട്ടിൽ സൌകര്യം കാണുമോ ?

കയ്യേപ്പാസ്: എന്റെ വീട്ടിലോ ? ഇല്ല. അവിടെ മുഴുവൻ സെൻസസിനുവന്ന ബന്ധുജനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുകയാണ്.

ശിമയോൻ: നിങ്ങളുടെ വീട്ടിലോ സെക്കേറുസേ ?

സെക്കേറുസ്: ഇന്നരാത്രി തൊഴുത്തിലെങ്ങാനുമേ എനിക്ക് ഒന്നു ചരിയുവാൻ സ്ഥലം കിട്ടുകയുള്ളുവെന്നാണു തോന്നുന്നതു്. എന്നുമാത്രമല്ല, നമ്മുടെ വീട്ടുകാരത്തിക്ക് അല്പം ബുദ്ധിഭ്രമത്തിൻെറ ലക്ഷണവും കണ്ടുതുടങ്ങിയിട്ടുണ്ടു്.

സാവൂൾ: (മറിയത്തോടു പതുക്കെ സംസാരിച്ചുകൊണ്ടിരിക്കെ) എവിടെയെങ്കിലും ഇവളുടെ വിശ്രമത്തിനായി ഒരു സ്ഥലം ഉടൻ കണ്ടെത്തിയേ മതിയാവൂ. അവൾക്കു് ക്ഷീണം അത്യധികം വർദ്ധിച്ചിരിക്കുന്നു. എന്നുമാത്രമല്ല എനിക്കു്....

ശിമയോൻ: ബറാബാസ് എവിടെ ? അവനെ ഞാൻ നല്ലപാഠം പഠിപ്പിക്കുന്നുണ്ടു്. (ഒരു 'ചടപട' ശബ്ദം കേൾക്കുന്നു. ഇരുമ്പുകവചങ്ങളും, ലോഹോഷ്ണീഷങ്ങളും ധരിച്ചിട്ടുള്ള രണ്ടു റോമൻ ഉദ്യോഗസ്ഥന്മാർ അവിടെവന്നു കുതിരപ്പുറത്തുനിന്നിറങ്ങി. അവരുടെ മുഖത്തു സാമ്രാജ്യജേതാക്കന്മാരുടെ ഭാവം സ്ഫുരിച്ചിരുന്നു. യഹൂദന്മാർ അവരെ കണ്ടപ്പോൾ വിറയലോടെ പിൻവാങ്ങി.)

പബ്ലിയസ്: അസഹ്യകരമായ ഈ പേമാരി അവസാനിക്കാറായെന്നു തോന്നുന്നു. നാളത്തെ ദിനം പ്രശാന്തരമണീയമായിരിക്കുമെന്നാണു് എൻെറ വിശ്വാസം.

മാക്സ്: ഓ ! ദേവന്മാരേ, ഈ മഴകൊണ്ടും ഈ നാടുകൊണ്ടും ഈ ശപിക്കപ്പെട്ട യൂദപ്പരീഷകളെക്കൊണ്ടും ഞാൻ വലഞ്ഞു.

പബ്ലിയസ്: മാക്സേ, സൂക്ഷിച്ചു സംസാരിക്കൂ. നിങ്ങൾ പറയുന്നതു് അവർ മനസ്സിലാക്കിയേക്കും.

മാക്സ്: എന്നാലെന്തു് ? അവർ എന്നെ ചില്ലറയല്ല വിഷമിപ്പിക്കുന്നതു്. അവർക്കു എപ്പോഴും ദുർമ്മുഖവും സംശയവുമേയുള്ളൂ.

പബ്ലിയസ്: അവർ നമ്മെ സദാ ദ്വേഷിക്കുന്നു. അവർ തങ്ങൾക്കു ജനിക്കാനിരിക്കുന്ന ഏതോ ഒരു രാജാവിനെ പ്രതീക്ഷിച്ചിരിക്കുകയാണുപോലും ! അപ്പോൾ അവർ നമ

ക്കെതിരായി വിപ്ലവമുണ്ടാകുമത്രെ.

മാക്സ്: അവരുടെ രാജാവ്! അയാൾ വരട്ടെ. അവരോടു മത്സരം കാണിക്കുന്നതിനെക്കാൾ ഭേദം യുദ്ധത്തിൽ മരിക്കുകയാണ്.

പബ്ലിയസ്: ഹേറോദേശ് ആ പുതിയ രാജാവിനെ സൂക്ഷിച്ചുകൊള്ളും. അതാ ആ കുന്നിൽ ഉയൎന്നുകാണുന്നതാണ് അദ്ദേഹത്തിൻെറ പുതിയ കൊട്ടാരം. കണ്ടോ?

മാക്സ്: അവിടം ഈ രാത്രി സന്തോഷകേളീരംഗമായിരിക്കും. അവിടെപോയി ഹേറോദേശിനെ കാണണമെന്നുണ്ടോ?

പബ്ലിയസ്: ഈ രാത്രിയിൽ ആ രാജാവിനെയല്ല, രാജാധിരാജനെപ്പോലും കാണുവാൻ രണ്ടടിവയ്ക്കുന്നതിനു ഞാൻ തയ്യാറില്ല. ഞാൻ ഉറങ്ങുവാൻ പോകുന്നു.

ബറാബാസ്: (വിനീതനായി) യജമാനന്മാരെ, പള്ളിക്കുറപ്പിനു സകലവും തയ്യാറായിരിക്കുന്നു. (ബറാബാസ് ആ റോമാക്കാരെ നയിക്കുവാൻ ബദ്ധപ്പെട്ടപ്പോൾ, ശിമയോൻ ബലമായി അയാളുടെ കൈകൾ കടന്നുപിടിക്കുന്നു. മാക്സും പബ്ലിയസും ഉല്കണ്ഠാഭരിതരായ ചില കാഴ്ചക്കാരും മുറത്തേയ്ക്കെത്തുന്നു.)

ശിമയോൻ: മററുള്ള യാത്രക്കാരുടെ കാൎയ്യമെങ്ങനെയാണു ബറാബാസേ?

ബറാബാസ്: (പിടിവിടുവിക്കുവാൻ ബദ്ധപ്പെട്ടുകൊണ്ട്) ഒരു നിമിഷംകൂടെ ക്ഷമിക്കുക. ഞാൻ വേഗം വരാം

ശിമയോൻ: (നിൎബ്ബന്ധമായി) ഈ റോമാക്കാർ അവരുടെ വഴിക്കുപോകട്ടെ. ഇവരുടെ കാൎയ്യം തീരുമാനിക്കൂ.

ബറാബാസ്: (അശരണനായി) ഗദയോൻെറ വീട്ടിനപ്പുറത്തു റോഡിൽനിന്നും അല്പം അകലെയായുള്ള എൻെറ തൊഴുത്തു നിങ്ങൾ കണ്ടിട്ടില്ലേ? ഈ രാത്രിയിൽ അവിടെ താമസിക്കാം. വളരെ സുഖവും സൌകൎയ്യവും ഉള്ളതാണ്.

ശിമയോൻ: എടോ, അവിടെയല്ലേ തൻെറ ആടുമാടുകളെ താൻ സൂക്ഷിക്കുന്നതു്.

ബറാബാസ്: അതേ. പക്ഷെ ഇപ്പോൾ അവിടെയൊന്നും കാണുകയില്ല. ഈ സത്രത്തേക്കാൾ ഭേദവുമാണ്. ബഹളമൊന്നുമില്ല. കൂടുതൽ ഏകാന്തതയും സൈ്വരവുമുണ്ട്.

യൌസേപ്പ്: ഏതു സ്ഥലമായാലുംമതി. ഹേ മഠാധിപതി, നിങ്ങളുടെ ഔദാര്യത്തിനു നന്ദിപറഞ്ഞുകൊള്ളുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ശിമയോൻ: (ബറാബാസിനെ വിട്ടയച്ചിട്ട്) എന്നെങ്കിലും, നീ ഒരിക്കലും മറക്കാത്ത ഒരു പാഠം നിന്നെ ഞാൻ പഠിപ്പിക്കും.

യൌസേപ്പ്: സഹോദരാ, നിങ്ങൾ ഞങ്ങളോട് എന്തെന്നില്ലാത്ത ദയ കാണിക്കുന്നുവല്ലൊ.

ശിമയോൻ: ആ സ്ഥലം ഞാൻ കാണിച്ചുതരാം. ദേവാലയത്തിലെ ബലിയുപയോഗത്തിനായി വളർത്തപ്പെടുന്ന ആടുകളെ ഞങ്ങൾ മേയ്ക്കുന്നസ്ഥലത്തിനടുത്താണ് ആ തൊഴുത്ത് (ഈ അവസരത്തിൽ അയാൾ മറിയത്തെ ഒന്നുനോക്കി. അയാൾ തന്നത്താൻ മറന്ന്; എന്തെന്നില്ലാത്ത ഭയഭക്തി ബഹുമാനാദികൾ അയാളെ ബാധിച്ചു.) ഞാൻതന്നെ മുൻപേപോയി അവിടം നിങ്ങൾക്കായി ഒരുക്കാം.

(ഇപ്പോൾ റോഡിൽ യൌസേപ്പും മറിയവും മാത്രമായി. അവർ അവിടത്തെ ബഹളങ്ങളെയും ജനക്കൂട്ടത്തെയും കടന്നു. പോകുന്നു.)

മറിയം:- നാം ആ തൊഴുത്തിന് അടുത്തെത്തിയില്ലേ? ഞാൻ ഇനി ഇറങ്ങി അല്പം നടക്കട്ടെയൊ?

യൌസേപ്പ്:- ഓമനേ, അതു നിനക്ക് ക്ഷീണം വർദ്ധിപ്പിക്കുകയേയുള്ളൂ.

മറിയം:- എനിക്കു യാതൊരു ക്ഷീണവും തോന്നുന്നില്ല.

യൌസേപ്പ്:- (കഴുതപ്പുറത്തുനിന്നിറങ്ങുന്നതിനു മറിയത്തെ സഹായിച്ചിട്ട്) പ്രിയേ, വല്ല ക്ഷീണമോ ക്ലേശമോ തോന്നുന്നുവെങ്കിൽ പറയണമേ.

മറിയം:- യാത്രകൊണ്ടുള്ള ക്ഷീണമൊന്നും എനിക്കില്ല. വലിയ

തണുപ്പ്....എനിക്ക് ഒരു....സം....ശ....യം....എ....ൻെറ....

യൗസേപ്പ്:- (കയ്യിൽ താങ്ങിക്കൊണ്ട്) പ്രിയേ, ഭയപ്പെടേണ്ട. നാം വേഗം ആ തൊഴുത്തിൽ ചെന്നെത്തും. അവിടെ ചൂടുണ്ടായിരിക്കുമല്ലോ. അപ്പോൾ തണുപ്പുകൊണ്ടുള്ള അസഹ്യത തീരും.

മറിയം:- നാഥാ, തണുപ്പോ, യാത്രക്ലേശമോ, വിശ്രമചിന്തയോ യാതൊന്നുമല്ല എന്നെ വേദനിപ്പിക്കുന്നതു. പ്ര....ത്യ....ത....

യൗസേപ്പ്:- (തിടുക്കത്തിൽ) പിന്നെന്താണ്? നിൻെറ കൈകൾ മഞ്ഞുകട്ടകൾപോലെ തണുത്തിരിക്കുന്നുവല്ലോ. നീ കാററിൽപ്പെട്ട ഞാങ്കണപോലെ വിറയ്ക്കുകയും ചെയ്യുന്നു. പ്രിയേ, പറയൂ, എന്താണ്?

മറിയം:- എന്തോ....എന്തോ (യൗസേപ്പിൻെറ മാറത്തു ശിരസ്സണച്ചുകൊണ്ടു കരയുന്നു.) അതു്....ദൈ....വം.... (ഞെട്ടുകയും വിറയ്ക്കുകയും ചെയ്യുന്നു.)

യൗസേപ്പ്:- (ദയാർദ്രചിത്തനായി) ദൈവത്തെ ചിന്തിച്ചു നിനക്ക് എന്തു ഭയപ്പെടാനാണ്. അവിടുന്നു നിന്നെ സ്നേഹിക്കുന്നുവല്ലോ. അവിടുന്നു നിന്നെത്തന്നെയല്ലേ തിരഞ്ഞെടുത്തുള്ളൂ. അവിടുന്നു നിന്നിൽ വസിക്കുന്നുമില്ലേ? അതേ അവിടുന്നു അവസാനമില്ലാത്തവിധം നിന്നെ സ്നേഹിക്കുന്നു.

മറിയം:- (പരിഭ്രമസ്വരത്തിൽ) എന്തു്?....ഓ....എന്തു്?....ഓ ....എന്തു്?.... ഞാൻ ആരു്? അതോർക്കുമ്പോൾ ഞാൻ ഞെട്ടുന്നു; ഭയപ്പെടുന്നു. ദൈവമേ, എൻെറമേൽ അനുഗ്രഹിക്കേണമേ. ഹാ! എൻെറ യഹോവായേ, എൻെറ ദൈവവും എൻെറ രക്ഷകനുമായുള്ളവൻെറ മാതാവാകുന്നതിനു ഞാൻ യോഗ്യയോ?

യൗസേപ്പ്:- (ഒന്നുരണ്ടു നിമിഷം നിശ്ശബ്ദനായിരുന്ന്, കണ്ണുനീർ അടക്കിക്കൊണ്ടും, അവളുടെ കോമള അംസങ്ങളെ തടവിക്കൊണ്ടും) മറിയമേ, സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾതന്നെ. എന്തുകൊണ്ടെന്നാൽ നീ ദൈവത്തിൽ കരു

ണ കണ്ടെത്തിയിരിക്കുന്നു. അവിടുന്നു നിന്നെ ദശിക്കുകയും നീ യോഗ്യവതിയാണെന്നു കാണുകയും ചെയ്തിരിക്കുന്നു. എല്ലാ തലമുറകളിലുമുള്ള നമ്മുടെ വഗ്ഗത്തിൻെറ പുത്രിമാരെ അവിടുന്നെണ്ണി. അവിടുന്നു നമ്മുടെ പിതാവായ ദാവീദിൻെറ ഗോത്രത്തിൽനിന്നും നിന്നെ തിരഞ്ഞെടുത്തു. ദൈവമായ കത്താവു തൻെറ കരുണയിൽ അനുഗ്രഹിക്കപ്പെട്ടവനാകട്ടെ. അവിടുന്നു തൻെറ സൃഷ്ടികളിൽ അനുഗ്രഹിക്കപ്പെട്ടവനാകട്ടെ.

മറിയം:- (വേഗത്തിൽ) എന്നിൽ യാതൊരു ശക്തിയുമില്ല. ദൈവ തിരുസിംഹാസനത്തിങ്കൽ ഞാൻ ധൂളിപോലെയാകുന്നു. ഉന്നതനായ കത്താവിൻെറ ശക്തിയുടെയും മഹത്വത്തിൻെറയും മുൻപിൽ ഞാൻ ഭയത്തോടും വിറയലോടുംകൂടെ ജീവിക്കുന്നു....നാഥാ....

യൗസേപ്പ്:- മറിയമേ, നിന്നിൽ സ്ഥിതിചെയ്യുന്നവനെപ്പററി നീ ഭയപ്പെടേണ്ട. നശിപ്പിക്കാനല്ലാതെ, സംരക്ഷിക്കുവാനായിരുന്ന അവിടുന്നാല്ലോ നമ്മുടെ ഉദ്ധാരകൻ. അവിടുത്തെ നാമം മഹത്വീകൃതമാകട്ടെ.

മറിയം:- (നേരേനിന്ന്) എന്നിൽ അവിടുന്ന്....അവിടുത്തെ ശക്തി എന്നിൽ....നിഴലിക്കുന്നതുപോലെ തോന്നുന്നു....എൻെറ ഉദരത്തിലെ ശിശു സന്തോഷത്താൽ നൃത്തം ചെയ്യുന്നു. ഓ! യഹോവായായ ദൈവമേ, എന്നോടു കരുണയുള്ളവനായിരിക്കുക. എന്നാൽ ഞാൻ ഭയപ്പെടുകയില്ല. [കുറച്ചുനേരം മൌനമായിരുന്നശേഷം,

(ഗാഥ)

ആ മേരി സാമോദമോതിനാൾ] "ദൈവത്തെ
മാമകമാത്മാവു വാഴ്ത്തീടുന്നു.
രക്ഷകനായുള്ളോരുന്നത ദൈവത്തിൻ-
പക്ഷമെന്നാത്മാവു സന്തോഷിപ്പൂ.
ദാസിയാമെന്നുടെ താഴ്മയെയെത്രയും
ദിവ്യനാമങ്ങുന്നു മാനിക്കയാൽ,

കണ്ടാലുമെല്ലാ ജനങ്ങളുമീയെന്നെ
കൊണ്ടാട്ടമെന്നോന്നും ധന്യയായി.
കാരണം വല്ലഭനായവനന്നാത-
കാര്യങ്ങളെന്നോടു ചെയ്തിരിപ്പൂ !
ആമയമാകവേ നീക്കുന്നോരായോന്റെ
നാമവുമോർത്താൽ സംശുദ്ധമല്ലോ.
തന്നിലായേററം ഭീയുള്ളോരിലെന്നെന്നും
കാരുണ്യമദ്ദൈവം കാട്ടീടുന്നു.
തൻ കരശക്തിയും കാണിച്ചിതദ്ദൈവ-
മുങ്കാന്ന മർത്ത്യരേ പായിച്ചവൻ.
ഉന്നതാഹങ്കാരമേറുന്ന ഭൂപരേ-
മന്നിതിൽ സിംഹാസനത്തിൽനിന്നും
തള്ളി മറിക്കയു,മുന്നതിയത്താഴ്മ-
യുള്ളോർക്കു നൽകയും ചെയ്യുന്നല്ലോ.
ക്ഷുല്പീഡമൂലമായ് കേണിടും മർത്ത്യരേ
കെല്പോടെ നല്പിനാൽ പൂരിച്ചവൻ.
അർത്ഥസമ്പത്തുകളാർന്നിടും മർത്ത്യരേ
വ്യർത്ഥമായ് വിട്ടവൻ നിഷ്കാരുണ്യം.
താതജനങ്ങളാമബ്രാഹമിനോടും
പുത്രന്മാരോടും താനോതിയപോൽ,
തന്നുടെ കാരുണ്യമോർത്തിസ്രായേലാകും
തന്നുടെ ദാസനെ സ്വീകരിച്ചാൻ."

(ഇങ്ങനെ മറിയം ശാന്തവും മൃദുവുമായ സ്വരത്തിൽ പാടുന്നു. പാട്ട് അവസാനിച്ചതോടുകൂടി മറിയത്തിന്റെ മുഖം ആനന്ദപൂരിതമായിച്ചമഞ്ഞു. അവൾ സന്തോഷനിമഗ്നയായി യൗസേപ്പിന്റെ കരങ്ങളിൽ ആശ്വസിക്കുന്നു. യൗസേപ്പു മറിയത്തെ ഉയർത്തി ജിനിയിൽ ഇരുത്തി. അവളുടെകൂടെ നടന്നു നിശ്ശബ്ദമായി തൊഴുത്തിലേക്കു പോകുന്നു.)

# വികാരിയച്ചന്റെ കൌശലം.

ക്രിസ്താബ്ദം ൧൭൮൯-ന്ന മുമ്പ് പാരീസു നഗരത്തിന്റെ സമാധാനപാലകനായി എത്രയും സമൎത്ഥനും നീതിതല്പരനുമായ ഒരു പോലീസ് കമ്മീഷണർ ഉണ്ടായിരുന്നു. അന്ന് സൻറ് ജമ്മിയാൻസ് ഇടവകയുടെ വികാരിയായി പരിലസിച്ചിരുന്നതു് ദയയും സമസൃഷ്ടിസ്നേഹവുമുള്ള ഒരു വന്ദ്യവയോധികനായിരുന്നു. കൎമ്മകുശലനും ധീരനും പരിശുദ്ധാനുമായ ഇദ്ദേഹത്തെ പരമദുഷ്ടന്മാർപോലും സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്നു. വൎഷകാലത്തിൽ ക്രൂരിരുട്ടുനിറഞ്ഞ ഒരു ദിവസം രാത്രി ഒരു അപരിചിതൻവന്നു അദ്ദേഹത്തിന്റെ വാതുക്കൽ മുട്ടി. വല്ല രോഗികളേയും സന്ദൎശിക്കാനുള്ള ക്ഷണമായിരിക്കുമെന്നു വിചാരിച്ചു അദ്ദേഹം ഉടൻ കിടക്കയിൽനിന്നു എഴുന്നേററു വാതിൽ തുറന്നു.

ഭംഗിയായി വസ്ത്രധാരണംചെയ്തും കൃത്രിമതാടി ധരിച്ചും ഒരാൾ പുറത്തുനില്ക്കുന്നു. വികാരിയച്ചനോടു അയാൾ ഉപചാരപൂൎവം വന്ദനം പറഞ്ഞതിന്റെശേഷം ആ അൎദ്ധരാത്രി അദ്ദേഹത്തെ വന്നുവിളിക്കുന്നതിന് തന്നെ ധൈൎയ്യപ്പെടുത്തിയതു് അദ്ദേഹത്തിന്റെ സ്നേഹവും ക്ഷമയുമാണെന്നു പറഞ്ഞു.

“ഒരു വലുതും ഭയങ്കരമായതും എന്നാൽ ആവശ്യവും ഒഴിച്ചുകൂടാത്തതുമായ ഒരു സംഗതി ചെയ്വാനുണ്ട്. സമയം അതിക്രമിച്ചിരിക്കുന്നു; മരണാസന്നയായ ഒരാൾ അച്ചന്റെ ശുശ്രൂഷ ആവശ്യപ്പെടുന്നു. അച്ചൻ വരുന്നുണ്ടെങ്കിൽ അച്ചന്റെ കണ്ണു മൂടിക്കെട്ടുന്നതിനു അനുവദിക്കയും, അതേപ്പററി യാതൊരു ചോദ്യം ചോദിക്കാതിരിക്കയും, മരണാസന്നയായ ഒരു സ്ത്രീക്കു അന്ത്യകൂദാശകൾമാത്രം നല്കാമെന്നു സമ്മതിക്കുകയും ചെയ്യണം. അച്ചൻ എന്റെകൂടെ വരാത്തപക്ഷം മററാരേയും അവിടെ കയററാൻ നിവൃത്തിയില്ല. അവൾ മതശുശ്രൂഷകൾകൂടാതെ മരിക്കയും ചെയ്യും” എന്നു ധൃതഗതിയിൽ തുടൎന്നുപറഞ്ഞു.

അല്പനേരം അദ്ദേഹം രഹസ്യത്തിൽ പ്രാൎത്ഥിച്ചതിന്റെശേഷം “ഞാൻ നിങ്ങളുടെകൂടെ വരാം” എന്നു പറഞ്ഞു. മററു വിവരങ്ങളൊന്നും ചോദിക്കാതെ കണ്ണുമൂടിക്കെട്ടുന്നതിനായി അ

ദ്ദേഹത്തിന്റെ തല അപരിചിതന്റെ കൈകളിൽ വെച്ചുകൊടുത്തു. കണ്ണു കെട്ടിയതിന്റെശേഷം അദ്ദേഹത്തെ ഒരു പെട്ടിവണ്ടിയിൽ കയററിയിരുത്തി അയാളും സമീപം ഇരുന്നു. മരപ്പലകകൊണ്ടുള്ള അതിന്റെ കതകുകളെല്ലാം ഭദ്രമായി അടച്ചതിന്റെ ശേഷം യാത്ര ആരംഭിച്ചു. വളഞ്ഞും തിരിഞ്ഞും ചുററിയും വളരെ നേരം യാത്രചെയ്തതിന്റെ ശേഷം ഒരു വിശാലമായ നടപ്പുരയിൽ വണ്ടി ചെന്നുനിന്നു.

ഇതുവരെ അവർ തമ്മിൽ ഒരു വാക്കുപോലും സംസാരിച്ചിട്ടില്ല. വണ്ടിയിൽ നിന്നു ഇറങ്ങുന്നതിനു മുമ്പായി അപരിചിതൻ വൈദികന്റെ കണ്ണുകൾ മൂടികെട്ടിയിരുന്നതു ശരിയായിരിക്കുന്നുണ്ടൊ എന്നു ഒന്നുകൂടി പരിശോധിച്ചതിന്റെ ശേഷം വാതിൽ തുറന്നു. അതിന്റെ ശേഷം വന്ദ്യവൈദികന്റെ കൈകൾ ബഹുമാനപുരസ്സരം പിടിച്ചു വണ്ടിയിൽ നിന്നു ഇറങ്ങുന്നതിനു അദ്ദേഹത്തെ അയാൾ സഹായിച്ചു. അനന്തരം കോവണിപ്പടികൾ കയററി രണ്ടാം നിലയിൽ എത്തിയപ്പോൾ ഒരു വാതിൽ താനെ തുറന്നു അവക്കു പ്രവേശനം നല്കി. അവിടെ നിന്നു പരവിതാനികൾ വിരിച്ചു ഭംഗിയാക്കിയിട്ടിരിക്കുന്ന അനേകം മുറികൾ നിശ്ശബ്ദമായി അവർ കടന്നുപോയി. ഒടുവിൽ കൂട്ടുകാരൻ വേറൊരു വാതിൽ തുറന്നു. ആ മുറിയിൽ പ്രവേശിച്ചപ്പോൾ തന്റെ കെട്ടു മാററിയിരിക്കുന്നതായി വൈദികനു തോന്നി. അവർ മനോഹരമായി അലങ്കരിച്ചിട്ടുള്ള ഒരു ശയനമുറിയിലാണു ഇപ്പോൾ നില്ക്കുന്നതു്. അവരുടെ അടുത്തുതന്നെ കർട്ടൻ ഇട്ടു മറച്ചിട്ടുള്ള ഒരു കട്ടിലും അതിന്റെ ഇടത്തുവശത്തു രണ്ടു മെഴുകുതിരി കത്തിച്ചുവെച്ചിട്ടുള്ള ഒരു മേശയും കിടപ്പുണ്ടു്. അപരിചിതൻ (അദ്ദേഹം ഒരു പ്രഭുവാണ്) വൈദികനു തല കുനിച്ചു ആചാരം ചെയ്തതിന്റെ ശേഷം കട്ടിലിനോടു അടുത്തു കർട്ടൻ മാററി സഗൌരവം ഇങ്ങിനെ പറഞ്ഞു:

"ദൈവശുശ്രൂഷിയായ അവിടുത്തെ മുമ്പിൽ കാണുന്ന ഈ സ്ത്രീ അവളുടെ പിതാക്കന്മാരുടെ രക്തത്തെ ഒററികൊടുത്തവളാണ്. അവളുടെ അവസാന ദിവസവും തീരുമാനിച്ച് കഴി

ഞ്ഞിരിക്കുന്നു. അച്ചനുമായി ഒരു കൂടിക്കാഴ്ച നടത്തുന്നതിനു ഏതെല്ലാം സാഹചര്യങ്ങളോടു കൂടിയാണു അവളെ അനുവദിച്ചിരിക്കുന്നതെന്നു അവൾക്കു അറിയാം. അവളുടെ ഇതെ സംബന്ധിച്ചുള്ള എല്ലാ പ്രാൎത്ഥനകളും നിഷ്പ്രയോജനമാണെന്നും അവൾ ഗ്രഹിച്ചിട്ടുണ്ട്. അച്ചന്റെ ചുമതലയെന്താണെന്നു അച്ചനു അറിയാമല്ലൊ. അതു് നിൎവ്വഹിക്കുന്നതിനായി അച്ചനെ ഞാൻ അനുവദിക്കുന്നു. അരമണിക്കൂറു് കഴിയുമ്പോൾ ഞാൻ മടങ്ങിവന്നു അങ്ങയെ കണ്ടുകൊള്ളാം."

ഇത്രയും പറഞ്ഞതിന്റെ ശേഷം അയാൾ പോയി. പരിഭ്രാന്തനായ ആ വൈദികൻ, കണ്ണുനീരാൽ കുളിച്ചും, നിരാശാഭരിതയായും, ഭയങ്കരിതങ്ങൾ സഹിച്ചും, മതശുശ്രൂഷകൾ ആവശ്യപ്പെട്ടുംകൊണ്ടു കിടക്കുന്ന ഒരു സുന്ദരിയായ യുവതിയെയാണു അവിടെ കണ്ടതു്. തന്നെ സംബന്ധിച്ചു യാതൊന്നും വെളിപ്പെടുത്തുകയില്ലെന്നു അവൾ സത്യംചെയ്തു ഉറപ്പുകൊടുത്തിട്ടുള്ളതുകൊണ്ടു ആ വഴിക്കുള്ള അന്വേഷണങ്ങൾ നിഷ്ഫലമാണ്. ഇപ്പോൾ അവൾ കിടക്കുന്നതു് എവിടെയാണെന്നുകൂടിയും അവൾക്കു നിശ്ചയമില്ല.

"ഞാൻ ഒരു രഹസ്യസംഘത്തിന്റെ വിധിതീൎപ്പിനു ആധീനയായിരിക്കയാണ്. അതിന് ഒരിക്കലും മാററമുണ്ടാകുന്നതല്ല. ഇതിലധികം എനിക്കു പറഞ്ഞുകൂടാ. ഞാൻ എന്റെ ശത്രുക്കളോടു ക്ഷമിക്കയും ദൈവം എനിക്കു മോചനം നല്കുമെന്നു ശരണപ്പെടുകയും ചെയ്യുന്നു. എനിക്കു വേണ്ടി അച്ചൻ പ്രാൎത്ഥിക്കണം" എന്നു അവൾ പറഞ്ഞു.

വൈദികൻ അവളുടെ പാപസങ്കീൎത്തനം കേട്ടതിന്റെ ശേഷം അവൾക്കു ആശ്വാസം നല്കുന്നതിനു വേണ്ടി ചില സുവിശേഷവാക്യങ്ങളെ ഉദ്ധരിച്ചു. അവൾ അതു കേട്ടു സന്തുഷ്ടയായി. അവളുടെ മുഖം പ്രശാന്തമായി കാണപ്പെട്ടു. അവൾ കൈകൂപ്പി ഭക്തിപൂൎവ്വം പ്രാൎത്ഥിച്ചു.

വൈദികൻ ആ സമയത്തു അവളുടെ ഉടുപ്പിന്റെ കൈ രക്തംകൊണ്ടു നനഞ്ഞിരിക്കുന്നതു കണ്ടു് ഗൽഗദസ്വരത്തിൽ ഇ

ങ്ങിനെ ചോദിച്ചു.

"എൻെറ മകളേ, അതെന്താണ്?"

"അച്ഛ, അവർ എൻെറ ജീവരക്തം ഒഴുകിപ്പോകുന്നതിന്ന വേണ്ടി എൻെറ ഒരു രക്തനാഡി മുറിച്ചിരിക്കുന്നു."

ഈ വാക്കുകൾ കേട്ടപ്പോൾ വൈദികന്ന പെട്ടന്ന എന്തൊ ഒരു വിചാരമുണ്ടായി. അദ്ദേഹം ആ മുറിവു അഴിച്ച് അദ്ദേഹത്തിൻെറ തുവാല, അതിൽ നിന്ന പുറപ്പെടുന്ന രക്തത്തിൽ നനച്ചെടുത്തതിൻെറ ശേഷം പൂൎവ്വസ്ഥിതിയിൽ മുറിവു കെട്ടിവെച്ചു. അനന്തരം രക്താങ്കിതമായ തുവാല അദ്ദേഹത്തിൻെറ ഉടുപ്പിൻെറ അകത്തെ കീശയിൽ മറച്ചുവെച്ചു.

"എൻെറ മകളേ, നിനക്കു മംഗളം ഭവിക്കട്ടെ! ദൈവത്തിൽ വിശ്വാസമുണ്ടായിരിക്കണം." എന്ന പറഞ്ഞു് വൈദികൻ യാത്രക്കൊരുങ്ങി.

അരമണിക്കൂർ കഴിഞ്ഞപ്പോൾ ഘാതകൻെറ പാദന്യാസങ്ങൾ കേട്ടു തുടങ്ങി. അയാൾ മുറിയിൽ പ്രവേശിച്ച് വൈദികൻെറ കണ്ണുകൾ മുമ്പിലത്തെപ്പോലെ മൂടികെട്ടി. വൈദികൻ അയാളുടെ കൈപിടിച്ചു പിന്നാലെ പുറപ്പെട്ടു. ഭക്തിപൂൎവ്വം രഹസ്യത്തിൽ പ്രാൎത്ഥിച്ചുകൊണ്ടാണ് അദ്ദേഹം ആ ഭയങ്കരമായ മുറി വിട്ടതു്

കോവണി ഇറങ്ങി താഴെ ചെന്നപ്പോൾ കൂട്ടുകാരനെ അറിയിക്കാതെ, വെളിച്ചം കാണത്തക്കവണ്ണം തൻെറ കണ്ണുമൂടികെട്ടിയിരുന്ന വസ്ത്രം അദ്ദേഹം അല്പം മാററി. വണ്ടിപ്പുരയിൽ എത്തിയയുടനെ അദ്ദേഹം കാലു തെററി വണ്ടിപ്പുരയുടെ ഇരുട്ടടഞ്ഞ മൂലയിലേക്കു മറിഞ്ഞു. പ്രഭു ഉടൻതന്നെ അദ്ദേഹത്തെ എഴുന്നേല്പിച്ചു വണ്ടിയിൽ കയററി ഇരുത്തിയശേഷം അടുത്തുതന്നെ താനും സ്ഥലം പിടിച്ചു. മുമ്പിൽ യാത്രചെയ്ത സ്ഥലങ്ങളിൽ കൂടെ ചുററിത്തിരിഞ്ഞു് വൈദികൻെറ വാസസ്ഥലത്തിൻെറ വാതുക്കൽ വണ്ടി ചെന്നുനിന്നു. അദ്ദേഹത്തെ അവിടെ സസുഖം ഇറക്കിയതിൻെറ ശേഷം വണ്ടി മടങ്ങിപ്പോയി.

ഒരു നിമിഷം പോലും താമസിക്കാതെ അദ്ദേഹം വാല്യക്കാ

രനെ വിളിച്ച് "പീയറേ, നീ ഉടൻതന്നെ പോലീസ് കമ്മീഷണരുടെ വസതിയിൽ എന്നെ എത്തിക്കണം" എന്നു പറഞ്ഞു.

അവിടെ എത്തിയ ഉടനെ കമ്മീഷണർ വന്നു ആ വന്ദ്യ വൈദികനെ സാദരം സ്വീകരിച്ചു.

"സാറേ, നിങ്ങൾ ഉടനെ ചെന്നു നിരോധിച്ചില്ലെങ്കിൽ ഒരു ഭയങ്കര കൃത്യം ഇപ്പോൾ നടക്കുന്നതാണ്. നിങ്ങളുടെ ആളുകൾ പ്രഭാതത്തിനുമുമ്പു പാരീസിലുള്ള എല്ലാ വണ്ടിപ്പുരകളും സന്ദർശിക്കണം. അവയിൽ ഒന്നിന്റെ അകത്തെ മൂലയിൽ രക്താങ്കിതയായ ഒരു തൂവാല കാണും. ആ രക്തം മിക്കവാറും മരിക്കാറായ ഒരു യുവതിയുടെയാണ്........" എന്നിങ്ങിനെ വൈദികൻ പറഞ്ഞു.

അന്നു കാലത്ത് എട്ടു മണിക്ക് കമ്മീഷണർ വികാരിയച്ചന്റെ മുറിയിൽ ചെന്നു ഇപ്രകാരം പറഞ്ഞു:

"ബ. അച്ചാ, ഞങ്ങൾ ആ പാവപ്പെട്ട സ്ത്രീയെ രക്ഷിച്ചു. അന്വേഷിക്കുന്നതിനും രക്ഷിക്കുന്നതിനുമുള്ള ദൈവപരിപാലനയുടെ നിസ്തുലമായ ശക്തി നോക്കുക! ഇതു് ദൈവത്തിന്റെ അനുഗ്രഹമാണ്; അച്ചൻ അവിടുത്തെ ഒരു ഉപകരണവുമാകുന്നു."

"രക്ഷിച്ചോ!" എന്നു വൈദികൻ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു ചോദിച്ചു.

"അതേ, ഞങ്ങൾ നിഷ്ഠൂരന്മാരായ അവളുടെ ബന്ധുമിത്രാദികളിൽ നിന്നും അവളെ രക്ഷിച്ചു. ദൈവത്തിന്റെ അനന്തകാരുണ്യത്തിനു സ്തുതിയായിരിക്കട്ടെ. 'നിങ്ങളുടെ സങ്കടങ്ങളെ എന്നോടു അറിയിക്കുക, ഞാൻ നിങ്ങളെ കേൾക്കും' എന്നുള്ള വേദവാക്യം എത്ര സത്യമായിരിക്കുന്നു." എന്നു അയാൾ പറഞ്ഞു.

രാജകല്പനയനുസരിച്ചു ഇരുപത്തിനാല് മണിക്കൂറിനകം പ്രഭുവിനെയും കൂട്ടുകാരേയും നാടുകടത്തി.

ആ യുവതിയുടെ അപകടസ്ഥിതിക്കാവശ്യമുള്ള ശുശ്രൂഷകളെല്ലാം ലഭിച്ചതിനാൽ കാലതാമസം കൂടാതെ സുഖമായി അവൾ ഒരു ഗ്രാമത്തിലേക്കു മാറി താമസിച്ചു. അവിടെ അവൾ

ശത്രുക്കളുടെ യാതോരുപദ്രവും കൂടാതെ രാജസംരക്ഷണയിൽ ജീവിച്ചു. സ്രഷ്ടാവിനെ കഴിഞ്ഞാൽ അവളുടെ പുത്രനിവിശേഷമായ സ്നേഹവും നന്ദിയും അവളുടെ ജീവനെ രക്ഷിച്ച വികാരിയച്ചനോടായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ല. മാസന്തോറും അവളുടെ നന്ദിയെ പ്രത്യക്ഷപ്പെടുത്തുന്ന ഒരു കത്ത് അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്നു. പതിനഞ്ചു കൊല്ലം കഴിഞ്ഞു വയോവൃദ്ധനായ അദ്ദേഹം അവളുടെ ഭാഗ്യമരണത്തെക്കുറിച്ചറിഞ്ഞ് അവൾക്കുവേണ്ടി പ്രത്യേകം പ്രാൎത്ഥനകൾ നടത്തി.

അവളുടെ മരണം കഴിയുന്നതുവരെ വൈദികൻ ഈ അസാധാരണ സംഭവത്തെപ്പററി ഒരുത്തരോടും പറഞ്ഞിട്ടില്ല. അദ്ദേഹത്തിൻെറ മരണക്കിടക്കയിൽവെച്ചു ഈ സംഗതി തൻെറ ഒരു പ്രത്യേക സ്നേഹിതനായ മെത്രാനെ മാത്രം അറിയിച്ചു. ദൈവപരിപാലന എത്ര ശക്തിയും കാരുണ്യവുമുള്ളതാണ്!

# ആണ്ട് ഹെലൻെറ കത്തുകൾ.

## ലൂൎദ്ദിലെ വിശുദ്ധ.

(തിരുനാൾ ഏപ്രിൽ ൧൩)

പ്രിയ കുട്ടികളേ,

നിങ്ങൾക്കെല്ലാവൎക്കും കഥകൾ കേൾക്കാൻതന്നെയല്ല, വായിക്കാനും ഇഷ്ടമാണെന്നു എനിക്കറിയാം. പ്രത്യേകിച്ച് അവയിൽ ഒരു രാജകുമാരിയെക്കുറിച്ചോ രാജ്ഞിയെക്കുറിച്ചോ കേൾക്കാനിടയായാലോ അതിവിശേഷമായി! എന്നാൽ ആ മുത്തിക്കഥകളിലെ രാജകുമാരികളും രാജ്ഞിമാരും കേവലം കല്പിതവ്യക്തികൾ മാത്രമാണ്; സാക്ഷാൽ ജീവിച്ചിരുന്നിട്ടുള്ളവരല്ല. പക്ഷെ ഞാനിപ്പോൾ നിങ്ങളോടു പറയാൻ പോകുന്നതോ സകല രാജ്ഞികളുടെയും രാജ്ഞിയെക്കുറിച്ചുള്ള ഒന്നാണ്. ആ കഥാനായികയുടെ പേരെന്തെന്ന് അല്പം വായിച്ചു ചൊല്ലുമ്പോ

ൾ നിങ്ങൾതന്നെ ഊഹിച്ചെടുത്തുകൊള്ളും.

നിങ്ങൾ എപ്പോഴെങ്കിലും ലൂർദ്ദ് പട്ടണത്തെക്കുറിച്ചു കേട്ടിട്ടില്ലേ? ഉവ്വ്; നിശ്ചയമായിട്ടും ഉണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഈ മനോഹരനഗരം ഫ്രാൻസിൻെറ തെക്കുഭാഗത്തായിട്ടാണ് സ്ഥിതിചെയ്യുന്നതു്. ഇപ്പോൾ നിരവധി പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും തങ്ങളുടെ തീർത്ഥയാത്രകൾ നടത്തുന്നതിനും പ്രദക്ഷിണമായി ഉലാത്തുന്നതിനും കിണററിലെ വെള്ളത്തിൽ കുളിക്കുന്നതിനുമായി ലൂർദ്ദ് പട്ടണത്തിലേയ്ക്കു പൊയ്ക്കൊണ്ടിരിക്കുന്നു. എന്നാൽ ഒരു നൂറു കൊല്ലംമുമ്പ് ഇങ്ങനെയൊരു സമ്പ്രദായമില്ലായിരുന്നു. അവിടെ അടുത്തുള്ളവർ മാത്രമേ ആ പട്ടണത്തെ കൂടക്കൂടെ സന്ദശിച്ചിരുന്നുള്ളു.

എന്നാൽ ഈ പുരാതന നഗരത്തിലേയ്ക്കു ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ആളുകൾ ഇടമുറിയാതെ പൊയ്ക്കൊണ്ടിരിക്കുവാൻ അവിടെ എന്താണുണ്ടായതു്? അതു മറെറാന്നുമല്ല. ആകാശത്തിൻെറയും ഭൂമിയുടെയും രാജ്ഞിയായ പ. ക. മ. ആ പട്ടണത്തെ തൻെറ വാസസ്ഥാനമാക്കിയിരിക്കുന്നതുകൊണ്ടും, തൻെറ മക്കൾ അവിടെചെന്നു തന്നെ കാണണമെന്നു ആ കന്യക ആഗ്രഹിക്കുന്നതുകൊണ്ടുമത്രെ. ആ പ. അമ്മതന്നെ മനുഷ്യരെ ക്ഷണിക്കുന്നതിനായി സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നു; നിർദ്ധനയും ഗ്രാമീണയുമായ ഒരു ചെറുബാലികയെയത്രെ തൻെറ ദൗത്യം സ്വീകരിക്കുന്നതിനു അവിടുന്നു തിരിഞ്ഞെടുത്തതു്.

ഈ ബാലികയുടെ പേർ ബെർണ്ണദീത്തു് എന്നാണ്. അവൾ അത്ര അസാമാന്യ ബുദ്ധിസാമർത്ഥ്യമൊന്നും ഉള്ളവളായിരുന്നില്ല. മിക്കപ്പോഴും സുഖഹീനതകൾ ഉണ്ടായിക്കൊണ്ടിരുന്നതിനാൽ സ്കൂളിൽ പോകുന്നതിനുപോലും അവൾക്കു സിദ്ധിച്ചിട്ടില്ല. അവൾക്കു ഏകദേശം പതിമൂന്നു വയസ്സു പ്രായമുണ്ടു്. എഴുത്തും വായനയുമൊന്നും അറിഞ്ഞുകൂടതാനും. ഈ കാലം വരെ അവൾ മിക്കവാറും ആടുകളെ മേയ്ക്കുന്നതിലാണ് ശ്രദ്ധപതിക്കയും സമയം ചെലവഴിക്കയും ചെയ്തിരുന്നതു്. എന്നാൽ ആടുക

ളുടെ പുറകെ കുന്നും മലയും കയറി നടക്കുന്ന സമയത്ത് അവൾ തൻെറ ജപമാല ഉപയോഗിച്ചു കൊന്തനമസ്കാരം ചൊല്ലുക പതിവായിരുന്നു. ആദ്യമായി അവൾ കൊന്തയിലുള്ള ഒന്നാമത്തെ വലിയ മണി പിടിച്ചുകൊണ്ട് "ആകാശങ്ങളിലിരിക്കുന്ന" ജപം ചൊല്ലും. പിന്നീടുള്ള പത്തു ചെറുമണികളിൽ തൊട്ടുകൊണ്ടു പത്തു 'നന്മനിറഞ്ഞ മറിയ'വും എത്തിക്കും. അവയെ ഒരു 'ത്രിത്വസ്തുതി' കൊണ്ടവസാനിപ്പിക്കയും ചെയ്യും. ഈ സമയത്തെല്ലാം അവൾ നമ്മുടെ ദിവ്യരക്ഷകനെക്കുറിച്ചുതന്നെ വിചാരിച്ചുകൊണ്ടിരിക്കും. കൊന്ത നമസ്കാരമായിരുന്നു അവൾക്കു ഏററം പ്രീതികരമായി തോന്നിയിരുന്ന ഒരു ജപം. അതു് അവൾ ദിവസത്തിൽ പലപ്രാവശ്യവും ചെയ്യുക പതിവായിരുന്നു പ. ക. മറിയത്തിനു അവളോടു വലിയ കാര്യമാണു്. എന്തുകൊണ്ടെന്നാൽ അവൾ നല്ലവളും അനുസരണയുള്ളവളും പരമാൎത്ഥിനിയുമായിരുന്നു.

ബെണ്ണദിത്തിൻെറ മാതാപിതാക്കൾ വളരെ നിൎദ്ധനരായിരുന്നു. ഒരിക്കൽ അവളുടെ അമ്മയ്ക്കു് ഭക്ഷണം തയ്യാറാക്കുവാൻ വിറകുണ്ടായിരുന്നില്ല. ആകയാൽ അവൾ ബെണ്ണദിത്തിനേയും സഹോദരിയേയും മറെറാരു കൂട്ടുകാരിയേയും കൂടെ കുറെ ചുള്ളികൾ ശേഖരിച്ചുകൊണ്ടു വരുവാനായി പറഞ്ഞയച്ചു. ഉടൻ അവർ പുറപ്പെട്ടു. താമസിയാതെ, ഒരു തോട്ടിന്നക്കരെയായി കുറെ ചുള്ളിക്കമ്പുകൾ കണ്ടെത്തുകയും ചെയ്തു. ആകയാൽ അവർ ചെരിപ്പുകൾ ഊരിവെച്ചിട്ടു, ആ തോടു നീന്തി അക്കരെക്കു കടന്നു. സാധു ബാലികയായ ബെണ്ണദീത്തായാകട്ടെ ആ തണുത്ത വെള്ളത്തിൽകൂടെ നീന്തിയാൽ സുഖക്കേടു വരുമെന്നുള്ള ഭയം നിമിത്തം ഇക്കരെത്തന്നെ നില്ക്കുന്നു. എന്തുകൊണ്ടെന്നാൽ അവൾക്കു മിക്കപ്പോഴും വലിവു വരാറുപതിവുണ്ടായിരുന്നു. കൂട്ടുകാരെല്ലാവരും അവളിൽനിന്നു അകലെയായപ്പോൾ അവൾ ഒരു വലിയ കാററുതുന്നതുപോലുള്ള ഒരു സ്വരം കേട്ടു. മുകളിലേയ്ക്കു നോക്കിയപ്പോൾ ഒരു നെടിയ പാറക്കുന്നും അതിൻെറ മദ്ധ്യത്തിലുള്ള ഒരു ദ്വാരത്തിൽ താൻ അതിനുമുമ്പൊരിക്കലും ദ

ശിച്ചിട്ടില്ലാത്തവിധം സുന്ദരിയായ ഒരു സ്ത്രീയും സ്ഥിതിചെയ്യുന്നതായി കണ്ടു. ഉടൻ അവൾ അതിന്മുമ്പാകെ മുട്ടുകുത്തി. ആ സുന്ദരിയുടെ ചുററും ഒരു അസാധാരണ വെളിച്ചം പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അവൾ ധരിച്ചിരിക്കുന്നതു് ഒരു വെള്ള വസ്ത്രമാണ്. അരയിൽ നീലനിറമുള്ള ഒരു വാറും കുറെ നീളത്തിൽ കെട്ടിയിട്ടുണ്ടു. കൈകളിൽ നിന്നു ഒരു ജപമാല തൂങ്ങിക്കിടപ്പുണ്ടു്. കാലുകളിലാകട്ടെ ചുവന്ന റോസപ്പുഷ്പങ്ങൾ വിതറപ്പെട്ടിരിക്കുന്നു. അവൾ ബെർണ്ണദിത്തിനെ നോക്കി ഒന്നു പുഞ്ചിരിക്കൊണ്ടു. എന്നിട്ടു ഒരു വലിയ കുരിശിൻെറ അടയാളം വരച്ചു. അങ്ങനെ അത്ര ഭംഗിയായി ആരുംതന്നെ അതിനു മുമ്പും പിമ്പും കുരിശടയാളം വരച്ചതായി ബെർണ്ണദിത്ത് കണ്ടിട്ടില്ലത്രെ. അവൾ അതെപ്രകാരം ചെയ്യുവാൻ വളരെ പരിശ്രമിച്ചിരുന്നു. ഉടനെ അവൾ ജപമാല ചൊല്ലുവാൻ തുടങ്ങി. പ്രത്യക്ഷയായ സുന്ദരിയാകട്ടെ, അവൾ പത്തു 'നന്മനിറഞ്ഞമറിയം' ചൊല്ലിക്കഴിയുന്നതുവരെ സൂക്ഷിച്ചു കാത്തുനില്ക്കുകയും, ത്രിത്വസ്തുതിയുടെ ഭാഗം വന്നപ്പോൾ അതിനെ അവളോടൊപ്പം ചൊല്ലുകയും ചെയ്തു. കൊന്ത ജപം കഴിഞ്ഞതോടുകൂടി ആ നാഥ ഒരു പുഞ്ചിരിയിട്ടുംകൊണ്ടു് മറഞ്ഞു പോയി.

മററു കുട്ടികൾ വിറകു ശേഖരിച്ചു മടങ്ങിവന്നപ്പോൾ ഈ കാഴ്ച അവരും കാണുകയുണ്ടായോ എന്നു ബെർണ്ണദിത്ത് അവരോടു ചോദിച്ചു. ഇല്ല എന്നു അവർ പറഞ്ഞു. അപ്പോൾ അവൾ, ഉണ്ടായ കാര്യങ്ങൾ അവളുടെ സഹോദരിയായ മരിയയുടെ ചെവിയിൽ മന്ത്രിച്ചു. ആ സമയത്തെല്ലാം അവൾ തനിക്കു പ്രത്യക്ഷപ്പെട്ട കന്യകയെക്കുറിച്ചു വിചാരിക്കയായിരുന്നു. അന്നു രാത്രി വീട്ടിൽ മാതാപിതാക്കന്മാരൊന്നിച്ചു സന്ധ്യാകാലപ്രാൎത്ഥനയ്ക്കു മുട്ടുകുത്തിയപ്പോൾ അവൾ പെട്ടെന്നു പൊട്ടിക്കരഞ്ഞു പോയി. ഉടനെ അവളുടെ അപ്പനും അമ്മയും അതിൻെറ കാരണമെന്തെന്നു ചോദിച്ചു. പക്ഷെ ബെർണ്ണദിത്തിനു അപ്പോൾ യാതൊന്നുംതന്നെ പറയാൻ കഴിഞ്ഞില്ല. ആകയാൽ മരിയയാണ് അവരോടു ഉണ്ടായ സംഗതികൾ പറഞ്ഞ

ത്ത്. അവർ ഉടനെ അവൾ സ്വപ്നം കാണുകയാണെന്നു പറഞ്ഞു അവളെ സംശയിക്കയാണുണ്ടായത്ത്.

ഞായറാഴ്ച മുൻപറഞ്ഞ പെൺകുട്ടികൾ വീണ്ടും ആ ഗ്രോട്ടോ (ഇങ്ങിനെയാണ് അവർ ആ സ്ഥലത്തെ വിളിക്കുന്നത്ത്) വിലേയ്ക്കു പോയി. അവർ മുട്ടുകുത്തി ജപമാല ചൊല്ലുവാൻ തുടങ്ങി. ഉടൻ ബെണ്ണദിത്തിൻെറ മുഖത്തിനു ചുററും ഒരു പ്രകാശം ചുഴന്നു. മററുള്ളവക്ക് ഒന്നും കാണ്മാൻ സാധിച്ചില്ലെങ്കിലും മുൻപറഞ്ഞ ആ നാഥ അവിടെ പ്രത്യക്ഷയായിട്ടുണ്ടെന്നു അവർ മനസ്സിലാക്കി. അവർ തങ്ങളോടു കൂടെ കുറെ ഹന്നാൻ വെള്ളം കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ബെണ്ണദിത്തിനോടു അതിൽ കുറച്ചെടുത്തു ആ സുന്ദരാംഗിയുടെമേൽ തളിക്കുവാൻ അവർ പറഞ്ഞു. അങ്ങനെ ചെയ്താൽ ആ നാഥ ഭയപ്പെട്ടുമോ എന്നറിയാനായിരുന്നു അവർ ഇപ്രകാരം പറഞ്ഞത്ത്. പക്ഷെ അവൾ അതിങ്കൽ സന്തോഷസമേതം മന്ദസ്മിതം തൂകിയതേയുള്ളു.

അധികം താമസിയാതെ ലൂർദ്ദിലുള്ള സകലരും ഈ അത്ഭുതസംഭവത്തെക്കുറിച്ചു സംസാരിക്കാൻ തുടങ്ങി. ബെണ്ണദിത്തിനോടൊന്നിച്ചു ഗ്രോട്ടോവിലേയ്ക്കു പോകുവനായി വളരെ പുരുഷാരം വന്നുകൂടി. അവളാകട്ടെ ഈ ജനത്തിരക്കിനെപ്പററി അത്ര കഥവെച്ചില്ല. ദിനംപ്രതിയുള്ള പ്രാൎത്ഥനകൾ അഭംഗം തുടൎന്നുകൊണ്ടേയിരുന്നു. അവരെല്ലാവരും ചുററുംകൂടി അവളെ സൂക്ഷിച്ചു നോക്കികൊണ്ടിരിക്കും. അപ്പോൾ അടുത്തു നില്ക്കുന്നവൎക്ക അവളെ തിരിച്ചറിവാൻ പോലും പ്രയാസമാകത്തക്കവണ്ണം അവൾ പെട്ടെന്നു ഒരു സ്വൎഗ്ഗീയശോഭയാൽ ആവൃതയാകും. തത്സമയം അവൾ ഒരു മാലാഖായെപ്പോലെയാണ് കാണപ്പെടുന്നത്ത്. മുൻപറഞ്ഞ സുന്ദരാംഗി അവിടെ നിന്നു മറഞ്ഞു പോകുന്നതുവരെ അവൾക്കു മററൊന്നും കാണ്മാൻ സാധിക്കയില്ല. ഒരിക്കൽ ഈദൃശമായ ഒരു കാഴ്ചയ്ക്കിടയ്ക്കു അവളുടെ കൈയിൽ കത്തിനില്ക്കുന്ന ഒരു മെഴുകുതിരിയുണ്ടായിരുന്നു. അത്ത് അവളുടെ മറെറ കൈയുടെ താഴെയായിട്ടാണ് പിടിച്ചിരുന്നതെങ്കിലും കൈക്കു യാതൊരു ഹാനിയും തട്ടിയില്ലെന്നു തന്നെയല്ലാ അങ്ങനെയൊരു സംഭവം ഉണ്ടായതായിത്തന്നെ അവൾ അറിഞ്ഞില്ല.

പ്രത്യക്ഷയായ സുന്ദരാംഗി പലപ്പോഴും ബെണ്ണദിത്തിനോടു സംസാരിച്ചിട്ടുണ്ടു്. മനുഷ്യർ താപസപ്രവൃത്തികൾ ചെയ്തു കാണ്മാൻ അവിടുത്തേയ്ക്കു ആഗ്രഹമുണ്ടു് എന്നു ഒരു ദിവസം ആ നാഥ അവളോടു പറകയുണ്ടായി. പിന്നീടൊരിക്കൽ പറഞ്ഞു: "പാപികൾക്കു വേണ്ടി

പ്രാൎത്ഥിക്കുക" അതു പറഞ്ഞപ്പോൾ എത്രയോ ദുഃഖഭാവമാണ് ആ നാഥയുടെ മുഖത്തു പ്രത്യക്ഷപ്പെട്ടിരുന്നതു്! മറെറാരു ദിവസം അവൾ പറഞ്ഞു: "നീ ചെന്ന് ഉറവയിൽനിന്നു വെള്ളം കോരി കുടിക്കുക" നദിയിൽ ചെന്ന് വെള്ളം കോരി കുടിക്കാൻ പറഞ്ഞുവെന്നാണ് ബെൎണ്ണദിത്തു് മനസ്സിലാക്കിയതു്. പക്ഷെ അവൾ ഉദ്ദേശിച്ചു ചൂണ്ടിക്കാണിച്ചതു പാറകൾ നിറഞ്ഞ ആ ഗ്രോട്ടോതന്നെയായിരുന്നു. ബെൎണ്ണദിത്തു് ഉടനെ തൻെറ മൃദുകരങ്ങൾകൊണ്ടു തറയിൽ പതുക്കെ ഒന്നു ഉരുമ്മി. ഉടനെ പാറക്കല്ലുകൾ നനയുകയും അതിനുശേഷം അവിടെ ഒരു ഉറവ ആവിൎഭവിക്കയും ഇന്നും അതിൽനിന്നു വെള്ളം ഇടമുറിയാതെ വന്നുകൊണ്ടിരിക്കയും ചെയ്യുന്നു. ഇതത്രെ ഇന്നു 'ലൂൎദ്ദിലെ വെള്ളം' എന്നു ശ്രുതിപ്പെടുന്നതു്. ഇങ്ങിനെ വെള്ളം ഇടവിടാതെ ഒഴുകിത്തുടങ്ങിയപ്പോൾ, അവിടെ പ്രത്യക്ഷയായതു പ. ക. മ. തന്നെയാണെന്നു ജനങ്ങൾ വിശ്വസിക്കയും, അസംഖ്യം പേർ അവിടെ ചെന്നു പ്രാൎത്ഥിക്കാൻ ആരംഭിക്കയുംചെയ്തു.

ഒരിക്കൽ ഒരു സാധുസ്ത്രീയുടെ കുട്ടിക്കു കഠിനമായ രോഗം പിടിപ്പെട്ടു. ഡോക്ടർ കൈയൊഴിഞ്ഞു. ഉടനെ ആ സ്ത്രീ "എൻെറ കുട്ടിയെ സുഖമാക്കുവാൻ കഴിയുന്ന ഒരാളെ എനിക്കറിയാം; അതെ, നമ്മുടെ പ. നായിക അവനെ സുഖപ്പെടുത്തും" എന്നു കരഞ്ഞു പറഞ്ഞുംകൊണ്ടു ആ കുട്ടിയെ എടുത്തു ഗ്രോട്ടോവിലേക്കു ഓടിപ്പോയി. അവൾ ആ കുട്ടിയെ ഐസ്പോലെ തണുത്തിരിക്കുന്ന അവിടത്തെ വെള്ളത്തിലിട്ടു മുക്കുന്നപക്ഷം കുട്ടിക്കു മരണം സംഭവിക്കുമെന്നു ഭയന്നു അവളെ ആ ഉദ്യമത്തിൽ തടയുന്നതിനായി ഒട്ടുവളരെ പേർ അവളുടെ പിന്നാലെ പോയി. എന്നാൽ അവൾ ഇതൊന്നും കണ്ടഭാവമേ കൂടാതെ കുട്ടിയെ ആ ഉറവയിൽ കാൽമണിക്കൂർ നേരത്തോളം പിടിച്ചുകൊണ്ടു നിന്നു. അതിനുശേഷം കുട്ടി കണ്ണുകൾ തുറക്കയും ആ സമയം മുതൽ സുഖമാവാൻ തുടങ്ങുകയും ചെയ്തു.

ഒരു ദിവസം പ. ക. മ. ബെൎണ്ണദിത്തിനോടു: "നീ ചെന്നു വികാരിയച്ചനോട് എൻെറ നാമത്തിൽ ഇവിടെ ഒരു പള്ളി പണിയിക്കണമെന്നും, ജനങ്ങൾ ഘോഷയാത്രയായി ഇവിടെ വരണമെന്നും പറയുക" എന്നരുളിച്ചെയ്കയുണ്ടായി. ആദ്യത്തിൽ അവൾ കുറെ ഭയപ്പെട്ടു. എങ്കിലും പിന്നീടു അവൾ തന്നോടാജ്ഞാപിക്കപ്പെട്ട പ്രകാരം തന്നെ പ്രവൎത്തിച്ചു. വൈദികൻ, എന്തുചെയ്യണമെന്നറിയാതെ കുഴങ്ങുന്നു. — അകയാൽ അദ്ദേഹം അവളോടു ആ നാഥ ലൂൎദ്ദിലെ സ്ത്രീകളിൽ ഒരു

ത്തിയാണോ എന്നു പ്രത്യേകം ചോദിക്കുന്നു. ഇതു കേട്ടപ്പോൾ അവൾ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "ഹേ! ഒരിക്കലുമല്ല. അവൾ ഈ ലോകത്തിലുള്ള സ്ത്രീകളെയെല്ലാം വെല്ലുന്ന സൌന്ദര്യമുള്ളവളാണ്" വൈദികൻ, അവളുടെ പേരെന്തെന്നു ചോദിച്ചു. പക്ഷെ ബെർണ്ണദിത്തിനു അതു് അറിവില്ലാതിരുന്നതിനാൽ, അദ്ദേഹം പറഞ്ഞു: "നീ ചെന്നു് ആ നാഥയുടെ പേരെന്തെന്നും അവൾ ആരെന്നും ചോദിച്ചു വരിക."

അടുത്ത തവണ ബെർണ്ണദിത്തു് ഗ്രോട്ടോ സന്ദർശിച്ചതു മംഗളവാർത്താദിനത്തിൽ അഥവാ പ. ക. മറിയത്തോടു തൻെറ തിരുസുതൻെറ മാതാവായിരിക്കുവാൻ ഇഷ്ടമാണോ എന്നു ചോദിക്കുവാൻ പരമപിതാവു ഒരു സുഭഗനായ മാലാഖായെ അയച്ച ദിവസത്തിൽ – മാർച്ച് ൨൫ – ാംനു– ആയിരുന്നു. ഗ്രോട്ടോയ്ക്കടുത്തു വളരെ ജനങ്ങൾ കൂടിയിരുന്നു. എന്നാൽ ബെർണ്ണദിത്തു് അവരെ കണ്ടഭാവംവെച്ചില്ല. അവൾ ആദ്യം ഗ്രോട്ടോയുടെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കാൻ തുടങ്ങി. ഒരു അതുല്യശോഭ അവളുടെ മുഖത്തു പ്രകാശിച്ചു. അവളുടെ നാഥ വന്നു. അവൾ ആ നാഥയുടെ കൈകളു പിടിച്ചുകൊണ്ടു പറഞ്ഞു: "ഓ! എൻെറ നാഥേ, നിൻെറ പേരെന്തെന്നും നീ ആരെന്നും സദയം എന്നോടു പറഞ്ഞാലും." നാലുപ്രാവശ്യം അവൾ ഈ ചോദ്യം തന്നെ ചോദിച്ചു. അപ്പോൾ ആ നാഥ കൈകൾ ഉയർത്തി, കണ്ണുകൾ ആകാശത്തേയ്ക്കു ഉന്നമിപ്പിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ അമലോത്ഭവയാകുന്നു" അതായതു പാപം കൂടാതെ ജനിച്ചവൾ.

ബെർണ്ണദിത്തു് ഈ വാക്കുകൾ ഇതിനു മുമ്പൊരിക്കലും കേട്ടിരുന്നില്ല. അതുകൊണ്ട് മറന്നു പോകാതിരിക്കേണ്ടതിനു അവൾ വൈദികൻെറ വീട്ടിലേയ്ക്കു ഓടിപ്പോകുന്ന വഴിയ്ക്കു അവയെ മനസ്സുകൊണ്ടു കൂടെക്കൂടെ ഉച്ചരിച്ചിരുന്നു. അവൾ ഇതു പറഞ്ഞപ്പോൾ അദ്ദേഹത്തിന് കാര്യമെല്ലാം മനസ്സിലായി. അവൾ വിവരിച്ച സംഗതി സത്യമെന്നും, പ്രത്യക്ഷയായി സംസാരിച്ച നാഥ സാക്ഷാൽ ദൈവമാതാവാണെന്നും ബോദ്ധ്യമായി.

മററുള്ളവർ അവളെ അത്ര പെട്ടെന്നു വിശ്വസിച്ചില്ല. ലൂർദ്ദിലെ പൌരപ്രമാണികൾ ഈ അത്ഭുതസംഭവങ്ങളെക്കുറിച്ചു കേൾക്കയും അവിടെ അനേകമാളുകൾ വന്നുകൂടുന്നതു കാണുകയും ചെയ്യുപ്പോൾ ബെർണ്ണദിത്തിനു് ആളയച്ചുവരുത്തി അവളോടു അതിനെസ്സംബന്ധിച്ചു പല ചോദ്യങ്ങൾ ചോദിക്കയുണ്ടായി.

അവർ അവളെ ശാസിക്കയും അവൾ പറയുന്നതു വെറും ഭോഷത്വമാണെന്നു പ്രസ്താവിക്കയും ഇനിയും അപ്രകാരം പറയുന്നതായാൽ അവളെ തടവിലിട്ടു പീഡിപ്പിക്കുന്നതാണെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഇതുകൊണ്ടൊന്നും അവൾക്കു ഭീതി ജനിച്ചില്ല. അവളോടു ചോദിക്കപ്പെട്ട ചോദ്യങ്ങൾക്ക് അവൾ മുമ്പു നൽകിയ മറുപടിതന്നെയാണ് വീണ്ടും വീണ്ടും നൽകിയിരുന്നത്. ഒടുവിൽ, അവളോടു ചോദ്യം ചെയ്തിരുന്നവരിൽ ചിലർ അവയെല്ലാം സത്യമെന്നു തന്നെ വിശ്വസിച്ചു. എന്നാൽ ഇത് മററുള്ളവരുടെ കോപത്തെ വർദ്ധിപ്പിക്കുന്നതിനു കാരണമായിത്തീർന്നു. അവൾ ഇനി ഗ്രോട്ടോവിൽ പോയിക്കൂടാ എന്നു അവർ വിലക്കി. ആളുകളുടെ വരവിനെ തടയുവാൻ ചുററും മരംകൊണ്ടു വേലിയുംകെട്ടി. അത്ഭുതകരമായുണ്ടായ ആ ഉറവയിൽനിന്നു വെള്ളം ഇടവിടാതെ ഒഴുകിക്കൊണ്ടേയിരുന്നു. അനേകംപേർ അതുമൂലം നിരവധി സുഖഹീനതകളിൽനിന്നു സൌഖ്യം പ്രാപിക്കയും ദൈവമാതാവിൻെറ സഹായത്താൽ മററനേകം ദാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. ഈ അത്ഭുതസംഭവങ്ങളെക്കുറിച്ചുള്ള വർത്തമാനം താമസിയാതെ നാട്ടിലെങ്ങും പരന്നു. ഒടുവിൽ അത് ഫ്രാൻസു ചക്രവർത്തിയുടെ ചെവിയിലും എത്തി. അദ്ദേഹമാകട്ടെ, മരവേലി എടുത്തുകളയേണ്ടതും, ജനങ്ങൾ നിർബ്ബാധംപോയി ഇഷ്ടാനുസൃതം പ്രാർത്ഥിക്കുവാൻ അനുവദിക്കപ്പെടേണ്ടതുമാണെന്നു ആജ്ഞ നൽകി.

അക്കപ്പുറടെ പ. ക. മ. ബെർണ്ണദീത്തിനു പതിനെട്ടുപ്രാവശ്യം പ്രത്യക്ഷയായിട്ടുണ്ട്. അവസാനത്തെ പ്രാവശ്യം ആ നാഥ സംസാരിക്കയുണ്ടായില്ല. പൂർവ്വാധികം മാധുര്യത്തോടുകൂടി ഒന്നു പുഞ്ചിരിതൂകിയതേയുള്ളു. അനന്തരം പെട്ടെന്നു മറഞ്ഞുപോയി. ബെർണ്ണദിത്ത് വീണ്ടും പലപ്പോഴും ഗ്രോട്ടോ സന്ദർശിച്ചിട്ടുണ്ട്. പക്ഷെ പിന്നീടൊരിക്കലും ദൈവജനനിയെ കാണുകയുണ്ടായിട്ടില്ല.

കുറേക്കഴിഞ്ഞപ്പോൾ അവൾ ലൂർദ്ദുപട്ടണത്തെത്തന്നെവിട്ടു ഒരു കന്യാസ്ത്രീയാവാൻപോയി. ബെർണ്ണദിത്ത് ദീർഘകാലം ജീവിക്കയുണ്ടായില്ല. അവൾ തൻെറ ൩൫-ാമത്തെ വയസ്സിൽ മരണംപ്രാപിച്ചു. അവൾ പ. ക. മറിയത്തെ കാണുവാനും അവരൊടൊന്നിച്ചിരിപ്പാനും എത്രകണ്ടു ആഗ്രഹിച്ചിരുന്നുവെന്നു ആ നാഥ തന്നെ അറിഞ്ഞിരുന്നതിനാൽ ഒരു ദിവസം വന്ന് അവളെ തന്നോടുകൂടി എന്നേയ്ക്കും ഒന്നിച്ചിരിക്കുന്നതിനായി സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോയി. അവൾ ഒരു ക

ന്യാസ്ത്രീയായിരിക്കുമ്പോൾ അവൾക്കു മറെറാരു പേരുണ്ടായിരുന്നു. 'സിസ്റ്റർ മേരി ബെർണ്ണാർഡ്', എന്നാണ് അവളെ എല്ലാവരും വിളിച്ചിരുന്നത്.

ഇപ്പോൾ തിരുസ്സഭ അവളെ പുണ്യവതി എന്നു നാമകരണം ചെയ്തുകഴിഞ്ഞിരിക്കുന്നു. ൧൯൩൩ ഡിസമ്പർ ൮-ാംനു-യാണ് നാമകരണം നടന്നത്. ആകയാൽ ദൈവമാതാവിനെ അധികമധികം സ്നേഹിപ്പാനുള്ള വരം പ്രാപിച്ചുതരുന്നതിനു ഈ പുണ്യവതിയോടു നമുക്കിപ്പോൾ പ്രാൎത്ഥിക്കാവുന്നതാണ്. ദൈവമാതാവിനോടു സ്നേഹമുണ്ടാകുമ്പോൾ തൻെറ തിരുസുതനെയും അധികമധികം സ്നേഹിപ്പാൻ സ്വാഭാവികമായിട്ടുതന്നെ സാധിക്കുമല്ലോ.

ലൂർദ്ദിൽ വന്നുകൂടുന്ന പുരുഷാരം വൎദ്ധമാനമായിത്തുടങ്ങി. പ. ക. മ. ആവശ്യപ്പെട്ട ദേവാലയവും പണിതീൎത്തു. അതും കാലവിളംബമെന്യെ തീരെ പോരാതെ വന്നു. ആകയാൽ വളരെ ബ്രഹ്മാണ്ഡമായ മറെറാന്നു പണിയിക്കപ്പെട്ടു. അതും താമസംവിനാ പോരാതെ വരികയും വീണ്ടും വേറൊരുദേവാലയവുംകൂടി അതിവിപുലമായി പണിയിക്കപ്പെടുകയുംചെയ്തു. എന്നിട്ടും, ലൂർദ്ദ് തീൎത്ഥസന്ദൎശകന്മാരുടെ സംഖ്യ അവയിലെങ്ങും അടങ്ങാതവണ്ണം വൎദ്ധമാനമായിക്കൊണ്ടിരിക്കയാണ്. ദിവ്യപൂജ എല്ലാവൎക്കും കാണത്തക്കവിധത്തിൽ ചിലപ്പോൾ വെളിയിലാണ് സമൎപ്പിക്കാറുള്ളത്.

തീൎത്ഥകന്മാർ പരിസരപ്രദേശങ്ങളിൽനിന്നുമാത്രമല്ല വന്നുകൊണ്ടിരിക്കുന്നത്. വൻകടലുകളും വൻകരകളും കടന്നുവരുന്നവരും അനേകംപേരുണ്ട്. ഇംഗ്ലണ്ടിൽനിന്നും, അയർലണ്ടിൽനിന്നും, അമേരിക്കയിൽനിന്നും, ഇൻഡ്യയിൽനിന്നും, അഫ്രിക്കയിൽനിന്നും, എന്നുവേണ്ട സകല ഭൂഭാഗങ്ങളിൽനിന്നും വളരെപ്പേർ ഇന്നു ലൂർദ്ദിലേയ്ക്കു തീൎത്ഥകന്മാരായി പോകുന്നുണ്ട്. ഇവരിൽ പലരും പല രോഗങ്ങളാൽ പീഡിപ്പിക്കപ്പെടുന്നവരാണ്. ദീൎഘമായ യാത്രകൊണ്ടു അവരുടെ ക്ലേശങ്ങളും പതിന്മടങ്ങു വൎദ്ധിക്കുന്നു. എന്നാൽ അവർ തങ്ങളെ കാത്തുനില്ക്കുന്ന തങ്ങളുടെ സ്നേഹംനിറഞ്ഞ അമ്മയുടെ പക്കലേയ്ക്കാണ് പോകുന്നത് എന്ന വിചാരമുള്ളതുകൊണ്ടു, ഉണ്ടാകുന്ന പീഡയൊന്നും സാക്ഷാൽ പീഡയായി അവൎക്കു തോന്നുന്നില്ല. അവൎക്കെല്ലാവൎക്കും ബെൎണ്ണദിത്തിനെപ്പോലെ ആ നാഥയെ കാണ്മാൻ സാധിക്കുന്നില്ലെങ്കിലും, അവിടത്തെ ഉറവയിൽനിന്നു വരുന്ന ശുദ്ധജലം കുടിക്കുന്നതിനും അതിൽ കുളിക്കുന്നതിനും അവരെ ആ നാഥ അനുവദിക്കുന്നു. മാത്രമല്ല,

അവരെ തൻെറ ദിവ്യസുതനിലേയ്ക്കു ആനയിക്കയുംചെയ്യുന്നു. അപ്പോഴെല്ലാം, നമ്മുടെ ദിവ്യരക്ഷകൻ ജീവിച്ചിരുന്നപ്പോൾ ചെയ്തിരുന്ന ആശ്വാസദായകമായ പ്രവൃത്തികളത്രെ അവരുടെ ബോധത്തിൽ വരുന്നതു്. പ. ക. മറിയത്തിൻെറ വീട്ടിൽനിന്നു പുറത്തിറങ്ങി അനേകം രോഗികളെ സുഖപ്പെടുത്തിയിരുന്ന ആ കാരുണ്യവാൻെറ ചുററും തിങ്ങിക്കൂടിയിരിക്കുന്ന പുരുഷാരത്തിൽ ഓരോ അംഗങ്ങളായി അവർ തങ്ങളെത്തന്നെ കരുതുന്നു.

ഈ സ്മരണ യഥാർത്ഥികരിക്കുന്നതിനായി വൈദികൻ-മിക്കപ്പോഴും ഒരു മെത്രാനാണു ഇതു നടത്തുന്നതു് - കർത്താവിൻെറ തൃശ്ശരീരം ദേവാലയത്തിനു പുറത്തുള്ള വിസ്തൃതമായ ഒരു സ്ഥലത്തേയ്ക്കു സാഘോഷം വഹിച്ചുകൊണ്ടുവരുന്നു. അവിടെ എല്ലാവരും പ്രത്യേകിച്ചു കുരുടരും മുടന്തരും രോഗികളും പാപികളും ആ ദിവ്യകാരുണ്യയേശുവിനെ കാത്തുനില്ക്കുന്നു. പ്രദക്ഷിണം പോകുന്നതോടുകൂടി മെത്രാൻ ദിവ്യകാരുണ്യയേശുവിനെക്കൊണ്ടു ഓരോരോഗിയുടെമേലും കുരിശിൻെറ അടയാളത്തിൽ ഓരോ ആശീർവ്വാദം നൽകുന്നു. എല്ലാതീർത്ഥകന്മാരും ഉച്ചസ്വരത്തിലാണു് അവരുടെ അപേക്ഷകൾ സമർപ്പിക്കുന്നതു്. "കർത്താവേ! ഞാൻ കാണുന്നതിനു തിരുമനസ്സാകേണമേ" "ദാവീദുപുത്രനു സ്തുതിയുണ്ടായിരിക്കട്ടെ" "കർത്താവേ! അങ്ങു മനസ്സാകുന്നെങ്കിൽ എന്നെ സുഖപ്പെടുത്തുവാൻ അങ്ങെയ്ക്കു കഴിയും" ഇവയാണു് അവരുടെ പ്രാർത്ഥനകളിൽ ചിലവ. യേശുവാകട്ടെ, അവരിൽ ചിലരോടു "ഞാൻ നിന്നെ സുഖപ്പെടുത്താം" എന്നോ, അഥവാ "നീ എഴുന്നേററു നടക്കുക" എന്നോ അരുളിച്ചെയ്യുന്നു. അവർ എഴുന്നേററു അദ്ദേഹത്തെ അനുഗമിക്കയുംചെയ്യുന്നു. മററു ചിലരോടാവട്ടെ അവിടുന്നു: "സമാധാനത്തിൽ പോകുക" എന്നുമാത്രം അരുളിച്ചെയ്യുന്നു. അവർ അവരുടെ രോഗങ്ങളിൽനിന്നു സുഖംപ്രാപിച്ചല്ലായിരിക്കാം മടങ്ങുന്നതു്. എങ്കിലും അവരുടെ ഹൃദയത്തിൽ, ആ സന്ദർശനംമൂലം വളരെ സമാധാനമുണ്ടാകുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ ലൂർദ്ദ് സന്ദർശിക്കുന്നവരെല്ലാം കൂടുതൽ സൗഭാഗ്യത്തോടെയും വീണ്ടും സന്ദർശിക്കണമെന്നുള്ള അഗ്രഹത്തോടെയുമാണു് അവിടംവിട്ടു പേകാറുള്ളതു്.

പ്രിയ കുട്ടികളെ, ഈ കഥ നിങ്ങൾക്കിഷ്ടമായിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. ഇനി നിങ്ങളുടെ ഭാഗം നിങ്ങൾ നിർവ്വഹിക്കണം. അതു മറെറാന്നുമല്ല. ദിവസേനയുള്ള പ്രാർത്ഥനകൾ തക്ക ഭക്തിയോടുകൂടി ചൊല്ലുകയും, എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽപോയി ദിവ്യപൂ

ജ കാണുകയും, കഴിയുമെങ്കിൽ ദിവസേന ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്തുകൊണ്ടു നല്ല കത്തോലിക്കക്കുട്ടികളായിത്തീരുക എന്നതത്രെ അത്. അങ്ങനെ ചെയ്യുന്നപക്ഷം നമുക്കും ഒരിക്കൽ നമ്മുടെ കഥാനായികയോടും വി. ബെർണ്ണദിത്തിനോടുംകൂടെ സ്വർഗ്ഗത്തിൽ എന്നന്നേയ്ക്കുമായി ആനന്ദം അനുഭവിക്കുന്നതിനിടയാകും.

## ഏപ്രിൽ മാസത്തിലെ പൊതുനിയോഗം.

### വി. വത്സരത്തിന്റെ ഫലം സർവ്വത്ര പരിപൂർണ്ണമായി അനുഭവപ്പെടുക.

നമ്മുടെ കർത്താവിന്റെ ക്രൂശാരോഹണത്തിന്റെ ശതാബ്ദജൂബിലി ഈ ഏപ്രിൽ മാസം ഒന്നാം തീയതിയോടുകൂടി അവസാനിക്കുന്നതാണല്ലോ. പരിശുദ്ധപിതാവിന്റെ ആഗ്രഹപ്രകാരം സർവ്വത്ര സമാധാനവും സംതൃപ്തിയുമുണ്ടാകുന്നതിനുവേണ്ടി നമ്മളിൽ ഓരോരുത്തരും യഥാശക്തി പ്രാർത്ഥിക്കുകയും തപഃക്രിയകൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെയെല്ലാം പരിപൂർണ്ണഫലം അചിരേണ അനുഭവപ്പെടുന്നതിനുവേണ്ടി തിരുഹൃദയസംഘക്കാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കണമെന്നാണ് പരിശുദ്ധ പിതാവിന്റെ ആഗ്രഹം.

---

## കുറിപ്പുകൾ.

പരിശുദ്ധകന്യകമറിയം ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതിന്റെ ൭൫-ാം വത്സരപൂർത്തിസംബന്ധമായ ആഘോഷങ്ങളുടെ അവസാനത്തിൽ, ലൂർദ്ദിൽ സ്ഥാപിച്ചിരിക്കുന്ന വി. ബർണ്ണദീത്തായുടെ ശിരസ്സിൽ ചൂടുന്നതിനായി ഒരു സ്വർണ്ണമുടി പരിശുദ്ധപിതാവു അയച്ചുകൊടുക്കുകയുണ്ടായി. ഇതു് ഇററലിയുടെ നാനാഭാഗങ്ങളിലുമുള്ള കത്തോലിക്കരുടെ വകയായുള്ള ഒരു സമ്മാനമാണ്.

ലണ്ടനിലെ ഡെയിലിസ്കെച്ച് എന്ന അനുദിനപത്രത്തിന്റെ അധിപസംഘത്തിലെ ഒരംഗമായ മി: ജി. ഡി. കെ. ബോയിൽ ഈയിടെ കത്തോലിക്കസഭയിൽ പ്രവേശിച്ചിരിക്കുന്നു.

"ഒമ്പതു മാസാദ്യവെള്ളിയാഴ്ചകൾ" എന്ന പുസ്തകം മാർ ലൂയിസ് പ്രസ്സ്, എറണാകുളം എന്ന വിലാസത്തിൽ ആവശ്യപ്പെടണമെന്നു തൽഗ്രന്ഥകർത്താവു ഇവിടെ അറിയിച്ചിരിക്കുന്നു.

"സാഹിത്യവിലാസം" ഒന്നാം പുസ്തകം അയച്ചുതന്നതു് നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. സാഹിത്യവിലാസം പ്രവർത്തകന്മാരെ അനുമോദിക്കുകയും അവർക്കു സർവ്വവിജയങ്ങളും ആശംസിക്കയും ചെയ്തുകൊള്ളുന്നു.

---

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

**യോഗേശ ചന്ദ്രഘോസ്, എം. എ., എഫ്. സി. എസ്സ്.**

ആയുർവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

**മകരധ്വജ** (സ്വൎണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിന്നും മനസ്സിന്നും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ച് ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.

ഒരു ത്രപാത്തുക്കത്തിന് ക. ൪.

**ശാരിബാദിസരസം.** ഇതു ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദൂഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.

ഒരു സേറിന്ന ക. ൩.

**സുഖദ സഞ്ജീവനി.** ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിന്ന ക. ൧൰.

**അബലബാന്ധവയോഗം:-** ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാം രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൰ ആവൎത്ത സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിന് ക. ൫.

കൂടുതൽ വിവരത്തിന്ന മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

---

# നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു്. ഞങ്ങളുടെ മരുന്ന ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിൎത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സ്വല്പംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦.

## കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാകുന്നെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീൎച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിന്ന ക. ൪-൮-൦.

## പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂൎണ്ണ സുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦.

വാതഹാരി എല്ലാത്തരം വേദനകൾക്കും വാതത്തിന്നും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്തോദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിന്നും ഉപയോഗിക്കേണ്ടതു. 'എമ്മിന' എല്ലാം ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പററി വൈദ്യന്മാരുടെ അനവധി സട്ടിഫിക്കേററുകൾ കിട്ടീട്ടുണ്ടു.

**പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,**

**നമ്പ്ര് ൧൧, കോഴിക്കോട്, മലബാർ.**

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana, മലേറിയാനാ.

ഈ കീൎത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിനു ഇതു ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിനു 1 ക. 8 ണ; 1 ഡജനു 16 ക. 8 ണ; 4 ഔൺസിനു 14 ണ; 1 ഡജനു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദുഷ്ടതാലുണ്ടാകുന്ന സൎവ്വപീഡകളെയും ഗുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സൎസ്സ അമോഗ. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണകോശക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിനു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിനു.

ചെവിട്ടിൽ വേദനയുണ്ടായി ചെവിക്കേളായ്ക, ചെവിയിൽനിന്നു ചലംവാരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർ ആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിനു 8 ണ; 1 ഔൺസിനു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്ക, തലതിരിച്ചൽ, പിത്തം ഛൎദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കുഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗൎഭ്ഭഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിരപ് കരള് ഗുന്മൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിനു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിനു സംശയമില്ല. വില. 8 ഔൺസിനു 3ക. 8ണ. ചെറിയ കുപ്പി 1ക്കു 1ക. 14ണ.

**RINGWORM BALM.** ത്വക്ക്‌രോഗത്തിനു.

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 നു 5 ണ; 1 ഡജനു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിനുപുറമെ ഹോമിയോപ്പതിയും ടിഷ്യുമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൦൯ | മീനം. - മേടം. | | | ഏപ്രിൽ. 1934. |
|---|---|---|---|---|
| ൧൯ | 1 | ഞാ. | ✠ | ന. ക. ഉയിര്പ്പ്. |
| ൨൦ | 2 | തി. | വി. | ഫ്രൻസീദസ്സൂാസ്. |
| ൨൧ | 3 | ചൊ. | വി. | പംക്രാസി. |
| ൨൨ | 4 | ബു. | വി. | ഇസിദൊർ. |
| ൨൩ | 5 | വ്യാ. | വി. | വിൻസെൻറ് ഫെറ. |
| ൨൪ | 6 | വെ. | വി. | സിക്സ്റ്റൂസ്. |
| ൨൫ | 7 | ശ. | വി. | അഫ്രാത്തെ. |
| ൨൬ | 8 | ഞാ. | ✠ | വി. ദെനീസ്. |
| ൨൭ | 9 | തി. | * | ഏ. ഭാ. ക. മറി. മംഗലവാര്ത്ത. |
| ൨൮ | 10 | ചൊ. | വി. | എസക്കിയേൽ. |
| ൨൯ | 11 | ബു. | വി. | ലെയോൻ പാ. |
| ൩൦ | 12 | വ്യാ. | വി. | ദസദനോ. മെ. |
| ൧ | 13 | വെ. | വി. | ഹെർമജി. |
| ● | 14 | ശ. | വി. | തിബൂർസിസ്. |
| ൩ | 15 | ഞാ. | ✠ | വി. പത്രോ. ഗൊൺ. |
| ൪ | 16 | തി. | വി. | ബന. യൌ. ലാബ്ബെർ. |
| ൫ | 17 | ചൊ. | വി. | എസ്തപ്പാനോസ് ഹാ. |
| ൬ | 18 | ബു. | വി. | അപ്പൊലോനിയ. |
| ൭ | 19 | വ്യാ. | വി. | പഫ്നൂസിയസ്. |
| ൮ | 20 | വെ. | വി. | മർസെലിൻ. |
| ൯ | 21 | ശ. | വി. | അൻസെൽമോസ്. |
| ൧൦ | 22 | ഞാ. | ✠ | വി. യൌ. മാദ്ധ്യസ്ഥം. |
| ൧൧ | 23 | തി. | വി. | ഗീവൎഗീസ്. |
| ൧൨ | 24 | ചൊ. | വി. | ഫിദേലീസ്. |
| ൧൩ | 25 | ബു. | വി. | മര്ക്കോസ്. |
| ൧൪ | 26 | വ്യാ. | വി. | ക്ലേത്തോസ് പാ. |
| ൧൫ | 27 | വെ. | വി. | സീത്താ ക. |
| ൧൬ | 28 | ശ. | വി. | കുരി. പൌലോസ്. |
| ○ | 29 | ഞാ. | ✠ | വി. പത്രോസ്. |
| ൧൮ | 30 | തി. | വി. | സ്യേന കത്രീനാ. |

✠ എല്ലാവര്ക്കും കടമുള്ള ദിവസം. * സുറിയാനിക്കാര്ക്ക് കടം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.